കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ കാര്യാലയം, പാലക്കാട്**
**ഇമെയിൽ-**dopkd.ksad@kerala.gov.in

നമ്പർ കെഎസ്എ പികെഡി 16-651/2020

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി 04.05.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നമ്പർ കെഎസ്എ പികെഡി 16-651/2020 തീയതി-04.05.2020.

# പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട ജില്ലയിലെ അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-11-2018 മുതൽ 17-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-12-19 മുതൽ 28-12-19 വരെ |

| | |
|---|---|
| കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| എം.ശിവപ്രസാദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| എസ്.ഷെഹീർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.കെ.കുഞ്ഞൻ | 1-4-18 മുതൽ 31-3-19 വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | പി.മനോജ് | 1-4-18മുതൽ 21.04.18 വരെ<br><br>23-5-18 മുതൽ21-6-18 വരെ |
| | രഞ്ജിത്ത് വി.ജി<br>(അസി.സെക്രട്ടറി ഇൻ-ചാർജ്) | 22-4-18മുതൽ 22-5-18 വരെ<br><br>22-6-18 മുതൽ 9-7-18 വരെ<br><br>15-3-19മുതൽ 31-3-19വരെ |
| | എം. ഹരികൃഷ്ണൻ | 10-7-18 മുതൽ 14-3-19 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഫ്ലമിൻ സേവിയർ | 1-4-18 മുതൽ 31-3-19വരെ |
| അസി.സെക്രട്ടറി | രഞ്ജിത്ത് വി.ജി | 1-4-18 മുതൽ 31-3-19വരെ |
| വി.ഇ.ഒ | പി.പ്രദീപ് | 1-4-18 മുതൽ 10-12-18 വരെ |
| | സീമ സോമനാഥ് | 11-12-18 മുതൽ 31-3-19വരെ |
| ICDS സൂപ്പർവൈസർ | കെ.തങ്കം | 1-4-18 മുതൽ 31-3-19 വരെ |
| ഹെഡ് മിസ്ട്രസ് | കെ.ഷൈലജ | 1-4-18 മുതൽ 31-3-19 വരെ |
| അസി. എഞ്ചിനീയർ | എസ്.ശ്രീവിദ്യ | 1-4-18 മുതൽ 27-6-18 വരെ |
| | ഷൈനി പി.ജെ | 28-6-18 മുതൽ 31-12-18 വരെ |
| | അജി ഫ്രാൻസിസ് | 1-1-19 മുതൽ 10-1-19 വരെ |
| | കെ.ആർ വിഷ്ണു | 11-1-19 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി അമ്പലപ്പാറ | ഡോ.മുഹമ്മദ് അഷ്റഫ് | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രേണു എസ്.ആർ | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ജ്യോതിഷ് വി | 1-4-18 മുതൽ 31-3-19 വരെ |
| ക്ഷീര വികസന ഓഫീസർ | ടി.കെ.പ്രസന്ന | 01-4-18 മുതൽ 31-3-19വരെ |
| വെറ്ററിനറി സർജൻ | ഡോ.ബോബിത സ്റ്റാൻലി | 1-4-18 മുതൽ 2-10-18 വരെ |
| | ഡോ.ദീപ സി.എൻ | 3-10-18 മുതൽ 11-12-18 വരെ<br><br>1-2-19മുതൽ 31-3-19 വരെ |
| | ഡോ.ഗ്രീഷ്മ പി | 12-12-18 മുതൽ 31-3-19 വരെ |

<u>ഉള്ളടക്കം</u>

# ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11 | തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-11 |
| 12 | പഞ്ചായത്ത് ലൈസൻസ് – അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 13 | വസ്തു നികതി കുറവായി നിർണ്ണയിച്ചു – കുറവായ തുക ഈടാക്കേണ്ടതാണ് | 1-13 |
| 14 | കെട്ടിട വാടക – അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 15 | ചട്ട പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കേണ്ടതാണ് | 1-15 |
| 16 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതികൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ് | 1-16 |
| 17 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-17 |
| 18 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-18 |
| 19 | ടെന്റർ ഫോം ഇനത്തിൽ ലഭ്യമായ തുക തനതുഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-19 |
| 20 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല | 1-20 |
| 21 | ബസ് വെയ്റ്റിംങ് ഷെഡിന് മുകളിൽ ലൈബ്രറി കെട്ടിടം നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. | 1-21 |
| | | |

| | | |
|---|---|---|
| 22 | സമാന ഉദ്ദേശ ലക്ഷ്യങ്ങൾക്കുള്ള സ്പിലോവർ പ്രൊജക്റ്റുകളിൽ ഒരെണ്ണം നിർവ്വഹിക്കാതെ ഉപേക്ഷിക്കപ്പെട്ടു. | 1-22 |
| 23 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല | 1-23 |
| 24 | ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-24 |
| 25 | പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച ജീവനക്കാരിയുടെ ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. | 1-25 |
| 26 | പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-26 |
| 27 | പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിക്കേണ്ട രജിസ്റ്ററുകളും, റെക്കോഡുകളും പൂർണ്ണമായി സൂക്ഷിച്ച് വരുന്നില്ല. | 1-27 |
| 28 | പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള കുടിവെള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ. രോഖപ്പെടുത്തിസൂക്ഷിക്കന്നില്ല | 1-28 |
| 29 | സാമഗ്രികൾ വാങ്ങൽ - സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-29 |
| 30 | ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ-സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ പരിശോധനയില്ലാതെ ഉപകരണം വിതരണം ചെയ്തു | 1-30 |
| 31 | പെണ്ണാട് വിതരണം എസ്.സി'- സബ്സിഡി കൈമാറിയതിന് സുതാര്യതയില്ല | 1-31 |
| 32 | പാൽ സബ്സിഡി - ആവശ്യമായ തുക വകയിരുത്തിയിട്ടില്ല | 1-32 |
| 33 | നെൽവിത്ത് വിതണം പദ്ധതി-ഗുണഭോക്തൃവിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിച്ചു | 1-33 |
| 34 | പാലിയേറ്റീവ് കെയർ പരിരക്ഷ -മരുന്നുകൾ മുഴുവൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-34 |
| 35 | മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗലംഘനം | 1-35 |
| 36 | സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-36 |
| 37 | ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം | 1-37 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. വാർഷികക്കണക്കുകളുടെ പരിശോധനാ സാക്ഷ്യപത്രം

2.ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 20/02/2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 30361441 | 296767880 | 322765700 | 4363621 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 27-6-19 | ----- | ----- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6007800.50 |
| വരവ് | 103058342 |
| ആകെ | 109066142.50 |
| ചെലവ് | 88842778 |
| നീക്കിയിരിപ്പ് | 20223364.50 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22000869 | 22000869 | 20962592 | 1038277 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 14751000 | 14751000 | 11073853 | 3677147 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 17004000 | 17004000 | 7617161 | 9386839 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 4512000 | 4512000 | 2822970 | 1689030 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10206000 | 10206000 | 7201338 | 3004662 |
| TSC | | 0 | 1400000 | 1400000 | 175000 | 1225000 |
| ICDS | | 563263 | 890513 | 1453776 | 1289119 | 164657 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 28413892 | 28413892 | 28413892 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 114650 | 585673 | 700323 | 682508 | 17815 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2475256 | 2475256 | 2475256 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 436770 | 436770 | 331850 | 104920 |
| ബി ഫണ്ട് | | 0 | 616422 | 616422 | 616422 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് +തനത് ഫണ്ട് (TSB) | | 1361474 | 31955810 | 33317284 | 19781458 | 13535826 |
| തനത്ഫണ്ട്-ബാങ്ക് (SBI അമ്പലപ്പാറ | | 37515 | 1546385 | 1583900 | 294933 | 1288967 |
| തനത് ഫണ്ട് – ബാങ്ക് SCB അമ്പലപ്പാറ | | 3745049 | 7736451 | 11481500 | 8492300 | 2989200 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയ ത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശ്ത മാനം |
|---|---|---|---|---|---|---|
| 407 | 135801169 | 216 | 66417812 | nil | 191 | 53.07 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 6157143 | 5215541 | 84.7 |
| വി.ഇ.ഒ | 7 | 7 | 16090893 | 10740893 | 66.75 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 7269549 | 6438900 | 88.57 |
| സെക്രട്ടറി | 32 | 22 | 9921894 | 6566010 | 66.17 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 334 | 157 | 83050697 | 30658660 | 36.91 |
| മെഡിക്കൽ ഓഫീസർ-CHC | 1 | 1 | 780000 | 773248 | 99.13 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 900000 | 900000 | 100 |
| അസി.സെക്രട്ടറി | 7 | 5 | 4144861 | 1395428 | 33.66 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 4521000 | 764000 | 16.81 |
| ഹെഡ് മിസ്ട്രസ് | 3 | 3 | 1865132 | 1865132 | 100 |
| ആകെ | 407 | 216 | 135801169 | 66417812 | 48.90 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 180480 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 6412000 | 535 |
| വിധവാപെൻഷൻ | 21556900 | 1661 |
| വാർദ്ധക്യകാല പെൻഷൻ | 3890600 | 2863 |
| വികലാംഗപെൻഷൻ | 6137100 | 433 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2854600 | 476 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11036/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം

കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). മാത്രമല്ല ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

11.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14-11-19 | ഒക്ടോബർ 2019 | PAU6/PAT2/AMB/10-19 dt. 14-11-19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.2.14 to 26.2.14 | 2008-09 to 2012-13 | LBA(HQ)VI/8A-2014/3 dt.8.4.14 | ഇല്ല |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ--

പ്രത്യേക പരാമർശമില്ല

# 1-11 തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നം തെഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഫീനിക്സ് എഞ്ചിനീയറിംഗ് | ഷാഹുൽ ഹമീദ് ടി പി | 4 |
| 2 | പി കെ ഹോളോബ്രിക്സ് & പാവിംഗ് ബ്ലോക്ക് | പി കെ ഹുസൈനാർ | 9 |
| 3 | കൈരളി ഹോളോബ്രിക്സ് | വി കുഞ്ഞിപോക്കർ | 12 |
| 4 | സാഗർ പോളിക്രാഫ്റ്റ് | അനീഷ് കെ എ | 10 |
| 5 | ആർ ജെ ഗോൾഡ് | രജീഷ് വി പി | 6 |
| 6 | ആർ ജെ ജൂവൽസ് | രാമകൃഷ്ണൻ വി പി | 6 |
| 7 | ഫൈബർ ക്രാഫ്റ്റ് | ശ്രീവത്സൻ | 3 |
| 8 | ത്രിവേണി കാറ്ററിംഗ് & ഇവന്റ്സ് | ഗോപാലകൃഷ്ണൻ & ജോർജ് | 3 |
| 9 | ഐറിസ് ട്രേഡേഴ്സ് | ഗിരീഷ് സി പി | 3 |
| 10 | ഇ എച്ച് ഫ്യൂവൽസ് | അബ്ദുൾ സുനീർ | 5 |
| 11 | പഴംകുളത്തിങ്ങൽ ഫ്യൂവൽസ് | മുഹമ്മദ് ഷെറി പി | 4 |
| 12 | നന്മ സേഫ്റ്റി വർക്സ് | മനോജ് കുമാർ നായർ | 5 |
| 13 | സ്റ്റാർ ഐശ്വര്യ | മുരളീധരൻ നായർ | 3 |

| | | | |
|---|---|---|---|
| | കാറ്ററിംഗ് | | |
| 14 | അമ്പലപ്പാറ ഫ്യൂവൽസ് | റാണി തോമസ് & മുഹമ്മദ് ഫാസിൽ | 4 |
| 15 | അന്നപൂർണ്ണ ട്രീറ്റ് & ടേയ്സ്റ്റ് | കൃഷ്ണൻ കുട്ടി | 4 |
| 16 | പ്രസാദ് വുഡ് മിൽ | കെ കെ ഹരി പ്രസാദ് | 4 |
| 17 | എമിറേറ്റസ് അക്വാ പ്രൊഡക്ട്സ് | അബ്ദു ജമാലുദ്ദീൻ | 6 |
| 18 | എം ബി എം ബ്രിക്സ് | വിജയൻ | 4 |
| 19 | ശാസ്ത്രാ ഫർണീച്ചർ & ഇൻഡസ്ട്രീസ് | ശ്രീരാമൻ പി | 3 |
| 20 | ലക്ഷ്മി വുഡ് വർക്ക്സ് | ശ്രീനിവാസൻ കെ കെ | 4 |
| 21 | എസ് എൻ പേപ്പർ പ്രോഡക്ട്സ് | കെ നാസർ | 5 |
| 22 | എം പി എം ഇൻറ്റീരിയേഴ്സ് | പ്രമോദ് എം | 4 |
| 23 | ലക്ഷ്മി പാരമ്പര്യ ചികിത്സാ കേന്ദ്രം | എം ബി മണികണ്ഠൻ വൈദ്യർ | 4 |
| 24 | പി എം ഹോളോബ്രിക്സ് | പി ഷാജിനാസ് | 6 |
| 25 | കൊറിയൻ ട്രേഡേഴ്സ് | റിയാസ് പി | 4 |
| 26 | ജൻടെക് ഫാഷൻ | അനൂപ് കെ എസ് | 6 |
| 27 | ജൻ സമൃദ്ധി സ്റ്റോർസ് | അജിത കുമാരി കെ | 5 |
| 28 | മദീന മാച്ച് വർക്സ് | കുഞ്ഞി മുഹമ്മദ് & അഷറഫ് | 9 |
| 29 | റൺവെ മൊബൈൽസ് | മുഹമ്മദ് കുട്ടി | 4 |
| 30 | നീം കുൾ അസോസിയേറ്റ്സ് | റീത വിജയൻ | 4 |
| 31 | എക്കോ ലീവ്സ് | ഫൈസൽ പി | 4 |
| 32 | നവ കേരള ഫെർട്ടിലൈസർ കമ്പനി | പി സുരേഷ് | 3 |
| 33 | സഫ വെഡ്ഡിംഗ് സെന്റർ | അലി അക്ബർ പി കെ | 5 |
| 34 | പി കെ എഞ്ചിനീയറിംഗ് വർക്സ് | രവി കുമാർ എം | 3 |
| 35 | ക്രൈസ് ടൂർ & ട്രാവൽസ് | മുഹമ്മദ് ഷാഫി വി | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചെറുശ്ശേരി ക്രെഡിറ്റ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

<u>സി. റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള് ഷാപ്പ് എന്നിവയുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഡി. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി കണക്കാക്കിയിട്ടില്ല</u>

അമ്പലപ്പാറ സപ്ലൈകോ മാവേലി സ്റ്റോർ മാനേജർ സമർപ്പിച്ചിട്ടുള്ള ലൈസൻസിനുള്ള അപേക്ഷ പ്രകാരം സ്ഥാപനത്തിൽ 4 ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ള തൊഴിൽ റിട്ടേൺ പ്രകാരം ഒരാളുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് (തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ് നം.34). സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടേയും വിവരം തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഇ. ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

അമ്പലപ്പാറ ബി എസ് എൻ എൽ ഓഫീസിലെ 2 ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 2500/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

<u>എഫ്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. കെ എസ് ഇ ബി, അമ്പലപ്പാറ

2. വനിത കോപറേറ്റീവ് സൊസൈറ്റി, അമ്പലപ്പാറ

3. ചെറുശ്ശേരി ക്രെഡിറ്റ് പ്രൈ. ലിമിറ്റഡ്, അമ്പലപ്പാറ

4. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

5. ബി എസ് എൻ എൽ, അമ്പലപ്പാറ

<u>ജി. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി കുറവായി ഈടാക്കി</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി കുറവായി ഈടാക്കിയതായി കാണുന്നു. ആയത് പുനപരിശോധിച്ച് കുറവായ തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ | സ്ഥാപനത്തിന്റെ | ജീവനക്കാരുടെ | ഒന്നാം | രണ്ടാം | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നം. | പേര് | എണ്ണം (2018-19) | അർദ്ധ വർഷം ഈടാക്കിയ ആകെ തൊഴിൽ നികുതി | അർദ്ധ വർഷം ഈടാക്കിയ ആകെ തൊഴിൽ നികുതി | | |
| 1 | പവർ പ്രൊഡക്ട്സ്, അമ്പലപ്പാറ | 8 | 3750 | 2700 | 1050 | 2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് മാറ്റമില്ല |
| 2 | പവർ ഡിറ്റർജന്റ്, അമ്പലപ്പാറ | 9 | 5150 | 4070 | 1080 | ടി |

(ഓഡിറ്റ് എൻക്വയറി നമ്പർ 3/20.12.2019)

# 1-12 പഞ്ചായത്ത് ലൈസൻസ് – അപാകതകൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ലഭ്യമാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്ന് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. റേഷൻ കടകൾ

2. കള്ള് ഷാപ്പുകൾ

3. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

4. നീതി മെഡിക്കൽ ഷോപ്പ് (അമ്പലപ്പാറ സർവ്വീസ് സഹകരണ ബാങ്ക് കീഴിലുള്ളത്)

5. ചെറുശ്ശേരി ക്രെഡിറ്റ് പ്രൈ. ലിമിറ്റഡ്, അമ്പലപ്പാറ

6. പി എൻ വൈ സഭ ഫിനാൻസ് പ്രൈ. ലിമിറ്റഡ്, അമ്പലപ്പാറ

<u>ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1444 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 429 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള

20 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/20.12.2019)

# 1-13 വസ്തു നികതി കുറവായി നിർണ്ണയിച്ചു – കുറവായ തുക ഈടാക്കേണ്ടതാണ്

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു. ആയത് പുതുക്കി നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. ശ്രീമതി. ഫാത്തിമ, തൊഴത്തിങ്കൽ എന്നവരുടെ താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (പ്ലിന്റ് ഏരിയ – 171.19 ച.മീ.).

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 4/461-A | വാണിജ്യം | 171.19 | അടിസ്ഥാന വസ്തു നികുതി - 171.19*50 = 8559.5<br><br>വർദ്ധനവ് (20%) – 1711.9<br><br>ഇളവ് (10%) - 855.95<br><br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (5%) - 470.8<br><br>ലൈബ്രറി സെസ്സ് - 448<br><br>ആകെ - 9394 (8946+448) | അടിസ്ഥാന വസ്തു നികുതി- 171.19*60 = 10271.4<br><br>വർദ്ധനവ് (20%) - 2054.28<br><br>ഇളവ് (10%) - 1027.14<br><br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (5%) - 513.57<br><br>ലൈബ്രറി സെസ്സ് - 539<br><br>ആകെ - 11324 (10785+539) | അടിസ്ഥാന വസ്തു നികുതു - 1711.9<br><br>വർദ്ധനവ് (20%) - 342.38<br><br>ഇളവ് (10%) - 171.19<br><br>ബഹുനില വാണിജ്യാവശ്യ<br><br>ത്തിനുള്ള ഇളവ് (5%) - 42.77<br><br>ലൈബ്രറി സെസ്സ് - 91<br><br>ആകെ - 1930 (1839+91) |

(വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകളുടെ വസ്തു നികുതി നിരക്ക് 60/- രൂപ)

2. ശ്രീ. കൃഷ്ണകുമാർ, വട്ടപറമ്പിൽ എന്നവരുടെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിനായുള്ള അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള പ്ലിന്റ് ഏരിയ – 445.35 ച.മീ. (Basement floor (Extension) – 58.32

M2, Ground floor (Existing) – 144 M2, Ground floor (Extension) – 178.02 M2, First floor (Existing) – 54.31 M2, Stair Room (Extension) – 10.70 M2)

ഇതിൽ Ground floor (Existing) ന് പഞ്ചായത്തിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു (പ്ലിന്റ് ഏരിയ – 144 ച.മീ.).

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ(ച.മീ) | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|
| 3/358 | വാണിജ്യം | 19 ച.മീ. | അടിസ്ഥാന വസ്തു നികുതി - 19*50 = 950<br>വർദ്ധനവ് (20%) - 190<br>ഇളവ് (10%) - 95<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് - 73<br>ലൈബ്രറി സെസ്സ് - 49<br>ആകെ - 1021 (972+49) |

(വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകളുടെ വസ്തു നികുതി നിരക്ക് 60/- രൂപ)

എന്നാൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച ആകെ പ്ലിന്റ് ഏരിയ, അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള ആകെ പ്ലിന്റ് ഏരിയയിൽ നിന്നും 125 ച.മീ. (144-19) കുറവായാണ് എടുത്തിട്ടുള്ളത്. ഇതുമൂലം അടിസ്ഥാന വസ്തു നികുതിയിൽ 7690/- (144*60-19*50) രൂപയുടെ കുറവ് വന്നിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നമ്പർ 25/28.12.2019)

# 1-14 കെട്ടിട വാടക – അപാകതകൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിലെ കെട്ടിട വാടക ഫയലുകൾ, രജിസ്റ്ററുകൾ, കരാറുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമച്ചിട്ടില്ല

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി. കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കരാർ പുതുക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 9/623 മുതൽ 9/626 വരെ കെട്ടിട നമ്പറുകളിലുള്ള കെട്ടിടങ്ങൾ 01.12.2014 ലെ വാടക കരാർ പ്രകാരം മാസം 10000/- രൂപ വാടക നിശ്ചയിച്ച് 3

വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി. യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയത് 01.06.2018 ലെ വാടക കരാർ പ്രകാരം 2018 ഫെബ്രുവരി മുതൽ മാസം 10000/- രൂപ വാടക നിശ്ചയിച്ച് 3 വർഷത്തേയ്ക്കുകൂടി പുതുക്കി നൽകിയതായി കാണുന്നു. ആദ്യത്തെ കരാർ കാലാവധി 30.11.2017 ലാണ് അവസാനിച്ചത്. എന്നാൽ കരാർ പുതുക്കിയത് 01.06.2018 നാണ്. കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കരാർ പുതുക്കി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സി. വാടക തുക – വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 9/623 മുതൽ 9/626 വരെ കെട്ടിട നമ്പറുകളിലുള്ള കെട്ടിടങ്ങൾ 01.12.2014 ലെ വാടക കരാർ പ്രകാരം മാസം 10000/- രൂപ വാടക നിശ്ചയിച്ച് 3 വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി. യ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയത് 01.06.2018 ലെ വാടക കരാർ പ്രകാരം 2018 ഫെബ്രുവരി മുതൽ മാസം 10000/- രൂപ വാടക നിശ്ചയിച്ച് 3 വർഷത്തേയ്ക്കുകൂടി പുതുക്കി നൽകിയതായി കാണുന്നു. വാടകയിൽ 5% വാർഷിക വർദ്ധനവ് വരുത്തി ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല വാടക കരാർ പുതുക്കി നൽകിയപ്പോഴും മാസ വാടകയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 01.12.2014 മുതൽ നാളിതുവരെ വാടകയിന്മേൽ 5% വാർഷിക വർദ്ധനവ് വരുത്തി ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ച്ചയാണ്. ആയത് പരിഹരിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>ഡി. വാടക തുകയിന്മേൽ ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല</u>

വാടക രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. യിൽ നിന്നും വാടക ഇനത്തിൽ 110000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുകയോടൊപ്പം നിയമ പ്രകാരമുള്ള 18% ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഇ. വാടക ബൈല തയ്യാറാക്കിയിട്ടില്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, കല്യാണ മണ്ഡപം എന്നിവ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ നടത്തിപ്പിനായുള്ള ബൈല നാളിതുവരെ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, കല്യാണ മണ്ഡപം എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വാടക ബൈല തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എഫ്. വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

പഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 213903/- രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. വാടക കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 18/24.12.2019)

# 1-15 ചട്ട പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന്

വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നില്ല. ആയത് ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-16 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതികൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്

2018-19 വർഷത്തെ സാംഖ്യാ ക്യാൻസൽ രസീതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ക്യാൻസൽ ചെയ്ത സാംഖ്യാ രസീതികൾ പ്രത്യേകം സൂക്ഷിക്കാതെ ക്യാഷ് ബുക്ക്, ഡ്യൂപ്ലിക്കേറ്റ് സാംഖ്യാ രസീതികൾ എന്നിവയുടെ കൂടെ സൂക്ഷിച്ചതായി കാണുന്നു. ഭാവിയിൽ ക്യാൻസൽ ചെയ്ത സാംഖ്യാ രസീതികൾ ആയതിന്റെ സാംഖ്യാ ക്യാൻസൽ രസീതി സ്റ്റേറ്റ്മെന്റ് സഹിതം പ്രത്യേകം സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2018-19 ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | വസ്തു നികുതി |
|---|---|
| റസിഡൻഷ്യൽ (കറന്റ്) | 309467 |
| റസിഡൻഷ്യൽ (അരിയർ) | 211376 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 367564 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 381929 |
| ആകെ | 1270336 |

# 1-18 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 ടെന്റർ ഫോം ഇനത്തിൽ ലഭ്യമായ

# തുക തനതുഫണ്ടിൽ ഒടുക്കിയിട്ടില്ല

ഇ-ടെന്റർ ഫോറം വില ഇനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ച1,28,368 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല. വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 35069167075-SBI ഒറ്റപ്പാലം എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 1,28,368 രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട് . ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത താഴെ പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയതിന്റെയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു. കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പരമാവധി ഈടാക്കാവുന്ന പിഴക്കു ശേഷവും കരാറുകാരന് പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയത് ക്രമവിരുദ്ധമാണ്. കരാർ റദ്ദാക്കുകയും പ്രവൃത്തി മറ്റൊരാളെ ഏൽപ്പിച്ചു നൽകുകയും നിയമാനുസൃതമായ നഷ്ടപരിഹാരനടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുന്നതിൽ

ആവശ്യമായ പദ്ധതി മോണിറ്ററിംഗ് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1. <u>കണ്ണമംഗലം മനംകുളം റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ്നം. - 346/18

അടങ്കൽ - ₹125000

പി.എ.സി.- ₹122911/-

ചെലവ്- ബിൽ നം- 135/27-3-19തുക – ₹82642/-

കരാറുകാരൻ- കെ.രാമകൃഷ്ണൻ

എം.ബി - 129/16-17

എഗ്രിമെൻറ് തിയ്യതി-16-10-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 14.2-18 (4മാസം)

പൂർത്തീകരിച്ച തീയതി- 21-2-19

14-2-18മുതൽ 13-3-18 വരെ-1229 രൂപ

14-3-18 മുതൽ 13-4-18 വരെ-2458രൂപ(2%)

ഈടാക്കേണ്ട പിഴ : 3687

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 3687/-

2) <u>കിണർ കോളനി ബൈപ്പാസ് റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ്നം. - 243/18

അടങ്കൽ - 450000/-

പി.എ.സി.- 449519/-

ചെലവ്- ബിൽ നം- 27/21-5-18തുക – ₹323353/-

കരാറുകാരൻ- കെ.ഹരിനാരായണൻ

എം.ബി - 109/17-18

എഗ്രിമെൻറ് തിയ്യതി-8-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 7.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 31-3-18

7-6-17മുതൽ 6-7-18 വരെ-4495 രൂപ(1%)

7-7-18 മുതൽ 6-8-18 വരെ-8990രൂപ(2%)

ഈടാക്കേണ്ട പിഴ : 13485/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 13485/-

3)മുജാഹിദ് പള്ളി- പാലക്കോട്ട് പാടം റോഡ് ടാറിംങ്

പ്രൊജക്റ്റ്നം. -251 /18

അടങ്കൽ - 400000/-

പി.എ.സി.- 398932/-

ചെലവ്- ബിൽ നം- 26/21-5-18തുക – 220881/-

കരാറുകാരൻ- ഹരിദാസൻ

എം.ബി - 152/16-17

എഗ്രിമെൻറ് തിയ്യതി-7-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 7.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 27-2-18

7-6-17മുതൽ 6-7-17 വരെ-3989 രൂപ(1%)

7-7-17 മുതൽ 6-8-17 വരെ-7978രൂപ(2%)

ഈടാക്കേണ്ട പിഴ : 11967/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 11967/-

4)മലമുക്ക്-തിരുണ്ടിക്കോളനി റോഡ് ടാറിംങ്

പ്രൊജക്റ്റ്നം. - 209/18

പി.എ.സി.-388037 /-

ചെലവ്- ബിൽ നം- 2/21-5-18തുക –220185/-

കരാറുകാരൻ- കെ.ജി.മോഹൻകുമാർ

എം.ബി -15/16-17

എഗ്രിമെൻറ് തിയ്യതി-3-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 26-3-18

3-6-17മുതൽ 6-7-17 വരെ-3880 രൂപ(1%)

7-7-18 മുതൽ 6-8-18 വരെ-7760രൂപ(2%)

ഈടാക്കേണ്ട പിഴ : 11640/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് -11640/-

5)<u>കൊങ്ങപ്പാറ-കോളനി റോഡ് ടാറിംങ്</u>

പ്രൊജക്റ്റ്നം. - 233/18

പി.എ.സി.-197983 /-

ചെലവ്- ബിൽ നം- 24/19-5-18തുക –166391/-

കരാറുകാരൻ- കെ.പ്രസാദ്

എം.ബി -436/17-18

എഗ്രിമെൻറ് തിയ്യതി-20-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 26-3-18

19-6-17മുതൽ 18-7-17 വരെ-1979 രൂപ(1%)

18-7-18 മുതൽ 17-8-18 വരെ-3958രൂപ(2%)

ഈടാക്കേണ്ട പിഴ : 5957/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 5957/-

6)<u>മലപ്പുറം-പുലാപ്പറ്റശ്ശേരി റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ്നം. - 214/18

പി.എ.സി.- 399920/-

ചെലവ്- ബിൽ നം- 22/21-5-18തുക – 255824/-

കരാറുകാരൻ- കെ.പി.പ്രഭാകരൻ

എം.ബി -403/16-17

എഗ്രിമെൻറ് തിയ്യതി-25-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 24.5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 8-3-18

24-5-17മുതൽ 23-6-17 വരെ-3999 രൂപ(1%)

23-6-18 മുതൽ 22-7-18 വരെ-7998രൂപ(2%)

ഈടാക്കേണ്ട പിഴ : 11997/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 11997/-

7)മൂച്ചിക്കുണ്ട് റോഡ് ടാറിംങ്

പ്രൊജക്റ്റ്നം. - 238/18

പി.എ.സി.- 298000/-

ചെലവ്- ബിൽ നം- 21/21-5-18തുക – 205319/-

കരാറുകാരൻ- ഹരിദാസ് കെ

എം.ബി -118/16-17

എഗ്രിമെൻറ് തിയ്യതി-8-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 7.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 20-3-18

7-6-17മുതൽ 6-7-17 വരെ-2980 രൂപ(1%)

7-7-17 മുതൽ 6-8-17 വരെ-5960രൂപ(2%)

ഈടാക്കേണ്ട പിഴ : 8940/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 8940/-

8) <u>കീഴ് പാടം-പുത്തൻകുളം റോഡ് ടാറിംങ്</u>

പ്രൊജക്റ്റ്നം. - 250/18

പി.എ.സി.- 223000/-

ചെലവ്- ബിൽ നം- 19/21-5-18തുക – 155460/-

കരാറുകാരൻ- കെ.പ്രസാദ്

എം.ബി -153/16-17

എഗ്രിമെൻറ് തിയ്യതി-20-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 19.6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 24-3-18

19-6-17മുതൽ 18-7-17 വരെ-2230 രൂപ(1%)

19-7-18 മുതൽ 18-8-18 വരെ-4460രൂപ(2%)

ഈടാക്കേണ്ട പിഴ : 6690/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 6690/-

9) <u>മുക്കാലിക്കുന്ന് -കാരെക്കാട്ടു പറമ്പ് റോഡ് ടാറിംങ്</u>

പ്രൊജക്റ്റ്നം. - 232/18

പി.എ.സി.- 397710/-

ചെലവ്- ബിൽ നം- 18/19-5-18തുക – 278833/-

കരാറുകാരൻ- കെ.ജി.മോഹൻ കുമാർ

എം.ബി -106/16-17

എഗ്രിമെൻറ് തിയ്യതി-3-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 2-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 28-2-18

2-6-17മുതൽ 1-7-17 വരെ-3977 രൂപ(1%)

2-7-17 മുതൽ 1-8-17 വരെ-7954രൂപ(2%)

ഈടാക്കേണ്ട പിഴ : 11931/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 11931/-

10<u>) എ.കെ.ജി റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ്നം. - 236/18

പി.എ.സി.- 499000/-

ചെലവ്- ബിൽ നം- 17/21-5-18തുക – 204287/-

കരാറുകാരൻ- പി.മോഹനൻ

എം.ബി -124/16-17

എഗ്രിമെൻറ് തിയ്യതി-18-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 17-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 24-3-18

17-6-17മുതൽ 16-7-17 വരെ- 4990 രൂപ(1%)

16-7-17 മുതൽ 15-8-18 വരെ-9980രൂപ(2%)

ഈടാക്കേണ്ട പിഴ : 14970/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 14970/-

11) <u>ഇടത്തൊടിക്കുണ്ട് റോഡ് മെറ്റലിംങ്,ടാറിംങ്</u>

പ്രൊജക്റ്റ് നം - 224/18

പി.എ.സി.- 347707/-

ചെലവ്- ബിൽ നം- 14/19-5-18തുക – 246673/-

കരാറുകാരൻ- സി.സി.രാജൻ

എം.ബി -408/16-17

എഗ്രിമെൻറ് തിയ്യതി-23-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 22-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 20-3-18

22-5-17മുതൽ 21-6-17 വരെ- 3477 രൂപ(1%)

21-6-17 മുതൽ 20-7-17 വരെ-6954രൂപ(2%)

ഈടാക്കേണ്ട പിഴ : 10431/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 10431/-

12) <u>കിഴക്കേ പറമ്പ് റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 239/18

പി.എ.സി.- 498943/-

ചെലവ്- ബിൽ നം- 12/21-5-18തുക – 278977/-

കരാറുകാരൻ- പി.ടി.മുരളീകൃഷ്ണൻ

എം.ബി -156/16-17

എഗ്രിമെൻറ് തിയ്യതി-28-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 27-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 16-3-18

27-5-17മുതൽ 26-6-17 വരെ- 4989 രൂപ(1%)

27-6-17 മുതൽ 26-7-17 വരെ-9978രൂപ(2%)

ഈടാക്കേണ്ട പിഴ : 14967/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 14967/-

13) <u>പാണ്ടോം പാടം-മുതലപ്പാറക്കാവ് റോഡ്</u>

പ്രൊജക്റ്റ് നം - 240/18

പി.എ.സി.- 695095/-

ചെലവ്- ബിൽ നം- 12/21-5-18തുക – 278977/-

കരാറുകാരൻ- പി.ടി.മുരളീകൃഷ്ണൻ

എം.ബി -149/16-17

എഗ്രിമെൻറ് തിയ്യതി-27-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 26-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 16-3-18

26-6-17മുതൽ 25-7-17 വരെ- 6950രൂപ(1%)

26-7-17 മുതൽ 27-8-17 വരെ-13900രൂപ(2%)

ഈടാക്കേണ്ട പിഴ : 20850/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 20850/-

14) <u>ആശുപത്രിപ്പടി- ചെറുമുണ്ടശ്ശേരി റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ് നം - 216/18

പി.എ.സി.- 496536/-

ചെലവ്- ബിൽ നം- 9/21-5-18തുക – 321717/-

കരാറുകാരൻ- കെ.രാമകൃഷ്ണൻ

എം.ബി -138/16-17

എഗ്രിമെൻറ് തിയ്യതി-21-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 20-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 26-3-18

20-6-17മുതൽ 19-7-17 വരെ- 4965രൂപ(1%)

20-7-17 മുതൽ 19-8-17 വരെ-9930രൂപ(2%)

ഈടാക്കേണ്ട പിഴ : 14895/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 14895/-

15) <u>പള്ളിപ്പടി-പയ്യപ്പാടം റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 210/18

പി.എ.സി.- 215000/-

ചെലവ്- ബിൽ നം- 8/21-5-18തുക – 144208/-

കരാറുകാരൻ- സി.രാജൻ

എം.ബി -137/16-17

എഗ്രിമെൻറ് തിയ്യതി-1-3-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 19-3-18

31-6-17മുതൽ 30-6-17 വരെ- 2150രൂപ(1%)

31-6-17 മുതൽ 30-7-17 വരെ-6450രൂപ(2%)

ഈടാക്കേണ്ട പിഴ : 8600/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 8600/-

16) <u>കണ്ണമംഗലം-തിരുവമ്പലം റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ് നം - 255/18

പി.എ.സി.- 349817/-

ചെലവ്- ബിൽ നം- 7/21-5-18തുക – 229048/-

കരാറുകാരൻ- കെ.രാമകൃഷ്ണൻ

എം.ബി -136/16-17

എഗ്രിമെൻറ് തിയ്യതി-23-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 22-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 23-3-18

22-5-17മുതൽ 21-6-17 വരെ- 3498രൂപ(1%)

22-6-17 മുതൽ 21-7-17 വരെ-6996രൂപ(2%)

ഈടാക്കേണ്ട പിഴ : 10494/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 10494/-

17) <u>കുളങ്ങരപ്പടി റോഡ് മെറ്റലിംങ്,ടാറിംങ്</u>

പ്രൊജക്റ്റ് നം - 256/18

പി.എ.സി.- 398038/-

ചെലവ്- ബിൽ നം- 4/21-5-18തുക – 262327/-

കരാറുകാരൻ- കെ.രാമകൃഷ്ണൻ

എം.ബി -148/16-17

എഗ്രിമെൻറ് തിയ്യതി-23-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 22-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 26-3-18

22-5-17മുതൽ 21-6-17 വരെ- 3980രൂപ(1%)

22-6-17 മുതൽ 21-7-17 വരെ-7960രൂപ(2%)

ഈടാക്കേണ്ട പിഴ : 11940/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 11940/-

18)<u>നമ്പിയം കുന്ന് റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ് നം - 228/18

പി.എ.സി.- 179994/-

ചെലവ്- ബിൽ നം- 1/21-5-18തുക – 108341/-

കരാറുകാരൻ- ഹരിദാസ്

എം.ബി -76/16-17

എഗ്രിമെൻറ് തിയ്യതി-8-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 7-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 20-3-18

7-6-17മുതൽ 6-6-17 വരെ- 1799രൂപ(1%)

7-6-17 മുതൽ 6-7-17 വരെ-3598രൂപ(2%)

ഈടാക്കേണ്ട പിഴ : 5397/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 5397/-

19)<u>വട്ടക്കുണ്ട്-വീമ്പൻകുഴി റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 223/18

പി.എ.സി.- 347740/-

ചെലവ്- ബിൽ നം- 49/6-8-18തുക – 247113/-

കരാറുകാരൻ- കെ.രാമകൃഷ്ണൻ

എം.ബി -426/16-17

എഗ്രിമെൻറ് തിയ്യതി-23-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 22-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 20-3-18

22-5-17മുതൽ 21-6-17 വരെ- 3477രൂപ(1%)

22-6-17 മുതൽ 21-7-17 വരെ-6954രൂപ(2%)

ഈടാക്കേണ്ട പിഴ : 10431/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 10431/-

20)<u>കല്ലുംപിടിച്ചി റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 218/18

പി.എ.സി.- 197853/-

ചെലവ്- ബിൽ നം- 48/6-8-18തുക –136053/-

കരാറുകാരൻ- പി.മോഹനൻ

എം.ബി -139/16-17

എഗ്രിമെൻറ് തിയ്യതി-18-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 17-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 26-8-18

17-6-17മുതൽ 16-7-17 വരെ- 1978രൂപ(1%)

17-6-17 മുതൽ 16-7-17 വരെ-3956രൂപ(2%)

ഈടാക്കേണ്ട പിഴ : 5934/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 5934/-

21)<u>പുല്ലാനിക്കൽ-തേക്കിൻകാട് റോഡ്</u>

പ്രൊജക്റ്റ് നം - 253/18

പി.എ.സി.- 197779/-

ചെലവ്- ബിൽ നം- 47/6-8-18തുക –140743/-

കരാറുകാരൻ- കെ.ജി.സോമസുന്ദരൻ

എം.ബി -132/16-17

എഗ്രിമെൻറ് തിയ്യതി-2-3-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 1-7-17 (4മാസം)

പൂർത്തീകരിച്ച തീയതി- 28-3-18

1-7-17മുതൽ 30-8-17 വരെ- 1977രൂപ(1%)

31-8-17 മുതൽ 30-9-17 വരെ-3954രൂപ(2%)

ഈടാക്കേണ്ട പിഴ : 5931/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 5931/-

22)<u>കൊട്ടേക്കാട് കോളനി റോഡ്</u>

പ്രൊജക്റ്റ് നം - 235/18

പി.എ.സി.- 223034/-

ചെലവ്- ബിൽ നം- 46/6-8-18തുക –160324/-

കരാറുകാരൻ- പി.ടി.മുരളീകൃഷ്ണൻ

എം.ബി -131/16-17

എഗ്രിമെൻറ് തിയ്യതി-4-3-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3-7-17 (4മാസം)

പൂർത്തീകരിച്ച തീയതി- 24-2-18

3-7-17മുതൽ 2-8-17 വരെ- 2230രൂപ(1%)

2-8-17 മുതൽ 1-9-17 വരെ-4460രൂപ(2%)

ഈടാക്കേണ്ട പിഴ : 6690/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 6690/-

23)<u>ഒലിൻഡ-ചാട്ടിയോട്ടിൽപടി റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 225/18

പി.എ.സി.- 199912/-

ചെലവ്- ബിൽ നം- 45/6-8-18തുക –142461/-

കരാറുകാരൻ- കെ.പി.പ്രഭാകരൻ

എം.ബി -167/16-17

എഗ്രിമെൻറ് തിയ്യതി-13-3-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 12-7-17 (4മാസം)

പൂർത്തീകരിച്ച തീയതി- 24-3-18

12-7-17മുതൽ 11-8-17 വരെ- 1999രൂപ(1%)

11-8-17 മുതൽ 10-9-17 വരെ-3998രൂപ(2%)

ഈടാക്കേണ്ട പിഴ : 5997/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 5997/-

24) <u>തൗഫീക്ക് പടി-പുൽപ്പാറ റോഡ് റീടാറിംങ്</u>

പ്രൊജക്റ്റ് നം - 230/18

പി.എ.സി.- 249974/-

ചെലവ്- ബിൽ നം- 39/19-5-18തുക -163727/-

കരാറുകാരൻ- കെ.ശിവപ്രസാദ്

എം.ബി -425/16-17

എഗ്രിമെൻറ് തിയ്യതി-4-3-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3-7-17 (4മാസം)

പൂർത്തീകരിച്ച തീയതി- 18-3-18

3-7-17മുതൽ 2-8-17 വരെ- 2499രൂപ(1%)

2-8-17 മുതൽ 1-9-17 വരെ-4998രൂപ(2%)

ഈടാക്കേണ്ട പിഴ : 7497/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 7497/-

25)<u>ഷാപ്പും പടി-നാലകത്ത് കോളനി റോഡ്</u>

പ്രൊജക്റ്റ് നം - 254/18

പി.എ.സി.- 299192/-

ചെലവ്- ബിൽ നം- 33/21-5-18തുക -213072/-

കരാറുകാരൻ- കെ.പ്രസാദ്

എം.ബി -133/16-17

എഗ്രിമെൻറ് തിയ്യതി-23-1-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 22-5-17 (4മാസം)

പൂർത്തീകരിച്ച തീയതി- 24-2-18

22-5-17മുതൽ 21-6-17 വരെ- 2991രൂപ(1%)

21-6-17 മുതൽ 20-7-17 വരെ-5982രൂപ(2%)

ഈടാക്കേണ്ട പിഴ : 8973/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 8973/-

26)<u>സങ്കേതത്തിൽ റോഡ് ടാറിംങ്</u>

പ്രൊജക്റ്റ് നം - 222/18

പി.എ.സി.- 399903/-

ചെലവ്- ബിൽ നം- 29/21-5-18തുക -319059/-

കരാറുകാരൻ- കെ.ജി.സോമസുന്ദരൻ

എം.ബി -135/16-17

എഗ്രിമെൻറ് തിയ്യതി-3-2-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3-6-17 (4മാസം)

പൂർത്തീകരിച്ച തീയതി- 19-3-18

3-6-17മുതൽ 2-7-17 വരെ- 3999രൂപ(1%)

2-7-17 മുതൽ 1-8-17 വരെ-7998 രൂപ(2%)

ഈടാക്കേണ്ട പിഴ : 11997/-

ഈടാക്കിയത് - ഇല്ല

ഈടാക്കേണ്ടത്- 11997/-

ആകെ ക്രമ നം.1 മുതൽ 26 വരെ പിഴയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക 2,62,258/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്തി ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/28.12.2019) മറുപടിയൊന്നും ലഭിച്ചില്ല.

# 1-21 ബസ് വെയ്റ്റിംങ് ഷെഡിന് മുകളിൽ ലൈബ്രറി കെട്ടിടം നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല.

പ്രോജ.നം.436/18

അടങ്കൽ-900000/-(തനതു ഫണ്ട്)

ഭരണാനുമതി-1(11)07/02/17

കരാറുകാരൻ-എം.കെ.ശ്രീധരൻ( PAC-797824)

കരാർ തിയ്യതി-25-04-17

ചെലവ് വിവരം-ചെക്ക് നം. 468538/20-4-18, തുക-531221/-

ചെക്ക് നം. 1803489/ 17-10-18, തുക-1,58,449/-

ആകെ-689,670/-

2016-17 വർഷത്തിൽ തനത് ഫണ്ട് തുകയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച പദ്ധതിയാണിത്. അമ്പലപ്പാറ സെന്ററിലെ നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് മുകളിൽ വായനശാലാ കെട്ടിടം നിർമ്മിക്കാനാണ് ഈ പദ്ധതി മൂലം ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ സ്ഥലത്തുള്ള കടകളും ബസ് കാത്തിരിപ്പ് പുരയും ഉള്ള ഒന്നാം നിലയുടെ മുകളിൽ 87 ച.മീറ്റർ വിസ്തീർണ്ണത്തിൽ രണ്ടാം നില കെട്ടിടം നിർമ്മിക്കുക എന്നതാണ് പദ്ധതി.

പ്രസ്തുത കെട്ടിടം 27-12-19ന് സാങ്കേതിക വിദഗ്ധന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പൊടി പിടിച്ചും മാറാല കെട്ടിയും ചുമർ ഭാഗങ്ങൾ വിണ്ടു കീറിയും ഉള്ള രണ്ട് ഹാളുകളാണ് കാണാൻ കഴിഞ്ഞത്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി വിതരണത്തിനുള്ള ഒരു സംവിധാനവും അധികൃതർ ചെയ്തിട്ടില്ല.(2019-20 സാമ്പത്തിക വർഷത്തിലും വൈദ്യുതീകരണത്തിനും കെട്ടിടത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കുമുള്ള യാതൊരു പ്രോജക്ടും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.

പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു ധാരണയും ഇല്ലാത്തതും ആസൂത്രണപ്പിഴവും മോണിറ്ററിംങിന്റെ അഭാവവുമാണ് ഇത്തരത്തിലുള്ള സ്ഥിതി വിശേഷം സംജാതമാക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2016-17 വർഷം ആവിഷ്കരിച്ച പദ്ധതി നാളിതുവരെ പ്രാവർത്തികമാകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ കാലവിളംബമില്ലാതെ കൃത്യമായ ഭരണമേൽനോട്ടത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/28.12.2019) മറുപടിയൊന്നും ലഭിച്ചില്ല.

# 1-22 സമാന ഉദ്ദേശ ലക്ഷ്യങ്ങൾക്കുള്ള സ്പിൽഓവർ പ്രൊജക്റ്റുകളിൽ ഒരെണ്ണം നിർവ്വഹിക്കാതെ ഉപേക്ഷിക്കപ്പെട്ടു.

പട്ടിക ജാതി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ വാങ്ങി, വിതരണം ചെയ്യുവാനായി 2 സ്പിൽഓവർ പ്രൊജക്റ്റുകളും (S0199/19, S0200/19)2018-19 ൽ അംഗീകാരം ലഭ്യമാക്കിയ ഒരു പുതിയ പ്രൊജക്റ്റും (S0043/19) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.പ്രൊജക്റ്റുകളുടെ വിശദവിവരങ്ങൾ :

I)

| | |
|---|---|
| പ്രൊജക്ട് നം. | S0199/19 (സ്പിലോവർ) |
| പേര് | പട്ടികജാതി വിഭാഗത്തിൽപെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്. |
| അടങ്കൽ | 2,96,655/- (സ്പിലോവർ) |
| ബിൽ നം./ തീയതി | ചെലവ് |
| 8/18-19/07/03/19 | 84,669/- |

പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി വിഭാഗത്തിലുൾപ്പെട്ട അർഹരായ 3 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ വാങ്ങി, വിതരണം ചെയ്യുവാനായി സമർപ്പിക്കപ്പെട്ട ഇ-ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത IT Vision എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.21.02.2019 ലെ IT-58എന്ന ഇൻവോയ്സ് പ്രകാരം 84,669/- രൂപയ്ക്ക് 3 ലാപ്പ് ടോപ്പുകൾ വാങ്ങി, വിതരണം ചെയ്തിട്ടുണ്ട്.പ്രസ്തുത സ്ഥാപനത്തിന്റെ SIB യിലുള്ള 0036073000040514 അക്കൗണ്ടിലേക്ക് പദ്ധതി വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്. അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി വഴി പ്രൊജക്ടുകൾ ആവിഷ്കരിക്കപ്പെട്ട വർഷത്തിൽ തന്നെ നിർവ്വഹണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുവാനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുവാനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി വഴി നിർവ്വഹണം പ്രൊജക്ടുകൾ ആവിഷ്കരിക്കപ്പെട്ട വർഷത്തിൽ തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

2017-18 സാമ്പത്തിക വർഷത്തിൽ ക്രമ നം.1 ലെ പ്രൊജക്ട് പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 28 പേർക്ക് ആനുകൂല്യം നൽകിയിരുന്നു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 3 പേർ സാമ്പത്തിക വർഷ അവസാനം രേഖകൾ സമർപ്പിച്ചതിനാൽ ട്രഷറിയിൽ ബിൽ സമയബന്ധിതമായി സമർപ്പിക്കുവാൻ സാധ്യമാവാതെ വരുകയും പ്രസ്തുത പ്രൊജക്ട് 2018-19 ൽ സ്പിലോവറായി തുടരുവാൻ പഞ്ചായത്ത് തീരുമാന പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തു.(23.12.19ലെ അന്വേഷണ നം.14).സ്പിലോവറായി അംഗീകാരം ലഭ്യമാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ആവശ്യമായ രേഖകൾ സമർപ്പിച്ച

അർഹരായ 3 പേർക്ക് മാത്രമായി ആനുകൂല്യം ലഭ്യമാക്കുവാനായി പദ്ധതി കാറ്റഗറി II ലിസ്റ്റിൽ ഉൾപ്പെടുത്തി 2017-18 ലെ പ്രസ്തുത പ്രൊജക്റ്റിന്റെ അടങ്കലിൽ മാറ്റമില്ലാതെ സ്പിലോവറായി തുടരുകയാണുണ്ടായത്.കാറ്റഗറി I ൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് പുതിയതായി ആവിഷ്കരിക്കുകയാണെങ്കിൽ 2018-19 ലെ ബജറ്റ് വിഹിതം കുറവാകുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നതിനാൽ മേൽ സൂചിത നടപടിക്രമങ്ങൾ സ്വീകരിച്ചുവെന്ന് അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1)ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾ ആനുകൂല്യം ലഭ്യമാക്കുവാനുള്ള ആധികാരിക രേഖകൾ സമയബന്ധിതമായി സമർപ്പിക്കപ്പെടുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

പദ്ധതി സുഗമമായി നിർവ്വഹിക്കുവാനുള്ള കാലയളവിൽ തന്നെ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതാണ്.

II)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO200/19 (സ്പിലോവർ) |
| പേര് | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്പ് ടോപ്പ്. |
| അടങ്കൽ | 2,33,101/- |

2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, നിർവ്വഹിക്കുവാൻ സാധ്യമായിട്ടില്ല.2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിലോവറായി നിർവ്വഹിക്കുവാൻ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിലും, നിർവ്വഹിക്കാതെ ഉപേക്ഷിച്ചു

വർക്കിംഗ് ഗ്രൂപ്പ് മിനിട്സിലെ നിർദ്ദേശങ്ങൾ

2018-19 സാമ്പത്തിക വർഷത്തിലെ വർക്കിംഗ് ഗ്രൂപ്പിൽ 15.02.18നും, 18.03.18നും, കോളജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി വിതരണം ചെയ്യുവാനുള്ള നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1)പദ്ധതി ആസൂത്രണ നടപടികൾ പ്രകാരം നിർവ്വഹണം സമയബന്ധിതമായും, സുഗമമായും നടത്തുവാനുള്ള സാധ്യത വിലയിരുത്തുകയും, പദ്ധതി പൂർത്തീകരണം വരെ ഘട്ടംഘട്ടമായി മോണിറ്ററിങ്ങിലൂടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

2)പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ നിർവ്വഹണത്തിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും, ആയതിൻ പ്രകാരം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുമാണ്.

3)പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടാൽ 2019-20ൽ കാറ്റഗറി 1 ലെ പ്രൊജക്റ്റായി സ്പ്പിലോവറിൽ ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല.കാറ്റഗറി II ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2019-20 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും.ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

III)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0043/19 |
| പേര് | പട്ടികജാതി വിഭാഗത്തിൽപെട്ട കോളജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്. |
| അടങ്കൽ | 6,00,000/- |
| ബിൽ നം./ തീയതി | ചെലവ് |
| 07/18-19/25/03/19 | 3,67,220/- |

അർഹരായ പട്ടിക ജാതിയിലുൾപ്പെട്ട 20 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുവാനായി 1.11.2018 ലെ ദർഘാസ് പരസ്യത്തിലൂടെ ഇ-ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ഒറ്റപ്പാലത്തെ നിയോ സിസ്റ്റംസിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.23.02.19 ലെ NEO/18-19/329 പ്രകാരം 14 ലാപ്പ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
ട്രഷറിയിലൂടെ പ്രസ്തുത സ്ഥാപനത്തിന്റെ SBI ലെ അക്കൗണ്ട് നമ്പറായ 85462011000180 ലേക്ക് പദ്ധതി വിഹിതം കൈമാറിയിട്ടുമുണ്ട്.

മേൽ സാഹചര്യം സംജാതമായതിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാനായി 23.12.19ലെ അന്വേഷണ നം.14 മുഖേന ആവശ്യപ്പെട്ടിരുന്നു.

<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം</u>

2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അർഹത നേടിയ പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടതാണ് ഗ്രാമസഭയിൽ നിന്നും, വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും പുതിയതായി വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 6 ലക്ഷം രൂപ അടങ്കലായി വകയിരുത്തി പുതിയ പ്രൊജക്റ്റ് ആവിഷ്കരിക്കുകയാണുണ്ടായത്.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുവാനായി ക്രമ നം.1,2 എന്നിവയിലുൾപ്പെടുത്തിയ പ്രൊജക്റ്റുകൾക്കായി നല്കിയ ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം അംഗീകാരം ലഭ്യമാക്കിയതിന് ശേഷം നിർവ്വഹിച്ചിട്ടില്ല.വിശദവിവരങ്ങൾ :

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO200/19 |
| പേര് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കോളജ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്. |
| എസ്.സി.പി | 2,33,101/- |
| അടങ്കൽ | 2,33,101/- |

പദ്ധതി നിർവ്വഹിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ വിശദീകരണം.

വിവിധ ഗ്രാമസഭയിൽ നിന്നുമുള്ള ശുപാർശകളുടേയും, 15.03.2018 ലെ പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് പ്രൊജക്റ്റ് ഏറ്റെടുത്ത് നടത്തുവാൻ ഭരണസമിതി തീരുമാനം സ്വീകരിച്ചിട്ടുള്ളത്.

ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ അനുവദനീയമായ സമയപരിധിക്കുള്ളിൽ തന്നെ ആവശ്യമായ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറാത്തതിനാലാണ് പദ്ധതി ഉപേക്ഷിക്കുവാനുണ്ടായ സാഹചര്യമെന്ന് അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

II)

| | |
|---|---|
| പ്രൊജക്റ്റ് നം. (സ്പിലോവർ) | SO446/19 |
| പേര് | ആശ്രയ – അഗതി പുനരധിവാസം ഒന്നാം ഘട്ടം. |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2,50,000/- |
| തനത് ഫണ്ട് | 5,00,000/- |
| അടങ്കൽ | 7,50,000/- |

പദ്ധതി നിർവ്വഹിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ വിശദീകരണം.

31.03.18 ന് പൂർത്തീകരിക്കുവാൻ സാധ്യമാവാത്ത മേൽ സൂചിത പ്രൊജക്റ്റ് 2018-19 ൽ പൂർത്തീകരിക്കുവാൻ സാധ്യതയുള്ളതിനാലാണ് ഗ്രാമ പഞ്ചായത്തിന്റെ തീരുമാന സഹിതം സ്പിലോവറായി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.പ്രസ്തുത പ്രൊജക്റ്റിന് അടങ്കലായി വികസന ഫണ്ട് വകയിരുത്തിയിരുന്നില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാവുമെന്ന പ്രതീക്ഷയിലാണ് പ്രൊജക്റ്റ് സ്പിലോവറായി തുടരുവാൻ തീരുമാനിച്ചിട്ടുള്ളത്.പ്രസ്തുത ഫണ്ട് ലഭ്യമാവാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് ഭരണസമിതി നിർദ്ദേശം നല്കുകയും, ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2)പദ്ധതി ആസൂത്രണ നടപടികൾ പ്രകാരം നിർവ്വഹണം സമയബന്ധിതമായും, സുഗമമായും നടത്തുവാനുള്ള സാധ്യത വിലയിരുത്തുകയും, പദ്ധതി പൂർത്തീകരണം വരെ ഘട്ടം, ഘട്ടമായി മോണിറ്ററിങ്ങിലൂടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

3)പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ നിർവ്വഹണത്തിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും, ആയതിൻ പ്രകാരം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

4)പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടാൽ 2019-20ൽ കാറ്റഗറി 1 ലെ പ്രൊജക്റ്റായി സ്പ്പിലോവറിൽ ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല.കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2019-20 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും.ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും, ആയതിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-24 ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി

ഡെപ്പോസിറ്റ് വർക്കുകളിലുൾപ്പെടുത്തി താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് :

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0448/19 |
| പേര് | പള്ളിക്കരപ്പളിയാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 75,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയ്യതി | ചെലവ് |
| 30/18-19/28/01/19 | 75,000/- |

II)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0449/19 |
| പേര് | പള്ളിപ്പടി കണ്ടങ്ങത്തൊടി പൂന്തോട്ടത്തിൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ. |
| അടങ്കൽ | 75,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയ്യതി | ചെലവ് |
| 31/18-19/28/01/19 | 75,000/- |

III)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0450/19 |
| പേര് | മഹാളിവട്ടം കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ. |
| അടങ്കൽ | 1,35,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയ്യതി | ചെലവ് |
| 32/18-19/28/01/19 | 1,35,000/- |

IV)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0451/19 |
| പേര് | നെല്ലികുന്ന് ചെറുചാത്തകുന്ന പ്രദേശത്തെ പൈപ്പ് ലൈൻ നീട്ടൽ. |
| ധനകാര്യ കമ്മീഷൻ അവാർഡ് | 75,000/- |
| തനത് ഫണ്ട് | 50,000/- |
| ആകെ അടങ്കൽ | 1,25,000/- |
| ബിൽ നം./ തീയ്യതി | ചെലവ് |
| 29/18-19/28/01/19 | 75,000/- |
| 5050144/30/01/19 | 50,000/- |

| | |
|---|---|
| (ചെക്ക് നം. /തീയതി) | |

V)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO452/19 |
| പേര് | വിവിധ അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ. |
| മെയന്റനൻസ് നോൺ റോഡ് | 1,00,000/-(അടങ്കൽ) |
| ബിൽ നം./ തീയ്യതി | ചെലവ് |
| 25/18-19/28/01/19 | 50,000/- |

VI)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO453/19 |
| പേര് | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,16,773/- |
| തനത് ഫണ്ട് | 1,83,227/- |
| ആകെ അടങ്കൽ | 3,00,000/- |
| ബിൽ നം./ തീയ്യതി | ചെലവ് |
| 27/18-19/28/01/19 | 1,16,773/- |
| ചെക്ക് നം.5050144/30/01/19 | 1,83,227/- |
| ആകെ ചെലവ് | 3,00,000/- |

VII)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO493/19 |
| പേര് | ചെമ്പർകുന്ന് കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.(അമ്പലപ്പുറ ഗ്രാമ പഞ്ചായത്ത്) |
| അടങ്കൽ | 50,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയ്യതി | ചെലവ് |
| 26/18-19/28/01/19 | 50,000/- |

ക്രമ നം.1 മുതൽ 7 വരെയുള്ള പ്രൊജക്റ്റുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകളിൽലുൾപ്പെടുത്തി KWA യുടെ SBI ലെ അക്കൗണ്ട് നം. 67150213827 ലേക്ക് പദ്ധതി വിഹിതങ്ങൾ കൈമാറിയിട്ടുണ്ട്. 23.12.2019ലെ ഓഡിറ്റ് അന്വേഷണം നമ്പർ 10 പ്രകാരം പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റും ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം

പ്രവൃത്തിയുടെ കരാർ KWA ഷൊർണ്ണൂർ ഡിവിഷനിൽ നിന്നും ഒപ്പ് സഹിതം തിരികെ ലഭ്യമായിട്ടില്ല.പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് നാളിതവരെ ലഭ്യമായിട്ടില്ല. (23.12.2019ലെ അന്വേഷണ നം.10).

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)വിശദീകരണ പ്രകാരം പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ കംപ്ലീഷൻ റിപ്പോർട്ടും, KWA ക്ക് കൈമാറിയ പദ്ധതി വിഹിതങ്ങൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)ക്രമ നം.1 ലെ നിർദ്ദേശം സമയബന്ധിതമായി പ്രാവർത്തികമാക്കുവാൻ KWA യുമായി നിക്ഷേപ സമയവും പ്രവൃത്തി പൂർത്തീകരണ കാലയളവും ഉൾപ്പെടുത്തി കരാർ ചമയ്ക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-25 പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച ജീവനക്കാരിയുടെ ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ഉദ്യോഗകയറ്റം ലഭിച്ച് 28.07.2017 ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ഷാജിനിസക്ക് 2017-18 ൽ ഫെസ്റ്റിവൽ അഡ്വാൻസായി 15,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.25.10.2017 ലെ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ പോത്തൻകോട് ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലമാറ്റം നൽകിയതിനെ തുടർന്ന് 31.10.17 ന് അമ്പലപ്പാറ പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുമുണ്ട്.09/2017, 10/2017 എന്നീ മാസങ്ങളിൽ 2 ഇൻസ്റ്റാൾമെന്റായി ടി-യാരിയുടെ ശമ്പളത്തിൽ നിന്നും അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ അഡ്വാൻസ് തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്.11.7.17 ൽ 3-ാം ഗഡുവായ 3,000 രൂപ 11.12.17 ലെ ഡി.ഡി.നം.16569 പ്രകാരം അടവാക്കിയിട്ടുമുണ്ട്.ബാക്കി തുകയായ 6,000/- രൂപ 26.03.19 ലെ ഡി.ഡി.നം.016600 പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ച് നൽകിയിട്ടുണ്ടെങ്കിലും, നാളിത് വരെ ആയത് കളക്ഷൻ ആയിട്ടില്ല.പ്രസ്തുത തുക NEFT ലൂടെ അമ്പലപ്പാറ ഗ്രാപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് തുക ഈടാക്കി അടവാക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-26 പഞ്ചായത്തിന്റെ പ്രവർത്തന

# പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ അടങ്ങിയ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലകമാക്കി സൂക്ഷിക്കുന്നില്ല.പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ നിലവിൽ പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം ഒന്നും തന്നെ കൃത്യതയോടെ ഓഡിറ്റിന് നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. 2018-19 ൽ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കുള്ള കൺസ്യൂമർ നമ്പറുകൾ പ്രകാരം ശരാശരി 25,38,000.00 രൂപ അടവാക്കുന്നുണ്ട്. (വൗച്ചർ നം.21800057/12.04.2018) ബൾക്ക് മീറ്ററിംഗ് സംവിധാനമാണ് നിലവിലുള്ളത്.KSEB യുമായി സംയുക്ത പരിശോധനയിലൂടെ തെരുവ് വിളക്കുകളുടെ എണ്ണം നിരക്ക് എന്നിവ നിർണ്ണയിച്ചിട്ടുമില്ല.ഇതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. (23.12.2019 ലെ അന്വേഷണ നം.12)

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ KSEB യുമായി പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-27 പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിക്കേണ്ട രജിസ്റ്ററുകളും, റെക്കോഡുകളും പൂർണ്ണമായി സൂക്ഷിച്ച് വരുന്നില്ല.

എ)ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിന്റെ വാഹനത്തിന്റെ (Bolero – KL-51-C-4545) ഉപയോഗവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നു :

1.ലോഗ് ബുക്ക്.

2.ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

3.റിപ്പയർ രജിസ്റ്റർ.

4.പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

5.സ്റ്റോക്ക് രജിസ്റ്റർ.

നിലവിൽ വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് ലോഗ് ബുക്കും, ഫ്യൂവൽ രജിസ്റ്ററും, സൂക്ഷിച്ച് വരുന്നുണ്ട്.പരിപാലന ചെലവുകൾക്കായി ക്രമ നം.3 മുതൽ ക്രമ നം.5 വരെയുള്ള രജിസ്റ്ററുകൾ പരിപാലിക്കപ്പെടുന്നില്ല.

ബി)ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിയ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണോന്ന് മേൽ സൂചിത ഉത്തരവ് നിഷ്കർഷിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 10.12.18 ന് ഒരു തവണ മാത്രമേ പ്രസ്തുത ടെസ്റ്റ് നടത്തിയിട്ടുള്ളൂ.ആയതിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാനായി 27.12.2019 ലെ അന്വേഷണ നം.22 മുഖേന ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനായി തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-28 പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള കുടിവെള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ. രേഖപ്പെടുത്തിസൂക്ഷിക്കുന്നില്ല

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.കുടിവെള്ള പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സമിതികൾ തന്നെയാണ് ഇവയുടെ തുടർ നടത്തിപ്പിനായുള്ള ചെലവിനം വഹിക്കുന്നത്. പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതു വെള്ള ടാപ്പുകളിലൂടേയുള്ള ജല വിതരണം മാത്രമേ നിലവിൽ നടത്തി വരുന്നുള്ളൂ. 283 പൊതു ടാപ്പുകളിലൂടെയാണ് ജല വിതരണം നടപ്പിലാക്കി വരുന്നത്. 2018-19ൽ 13,68,350.00 രൂപ (വൌച്ചർ നമ്പർ 230110102) ഈയിനത്തിൽ അടവാക്കിയിട്ടുണ്ട്.വെള്ളക്കരത്തിൽ കുടിശ്ശിക അടവാക്കുവാനില്ല.ജല വിതരണത്തിന്റെ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുവാനായി പൊതു വെള്ള ടാപ്പുകളുടെ എണ്ണം KWA യും പഞ്ചായത്ത് അധികൃതരും, ചേർന്ന് സംയുക്തമായി തിട്ടപ്പെടുത്തിയിട്ടില്ല.ഇവയ്ക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുമില്ല.(23.12.2019 ലെ അന്വേഷണ നം.13)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തണം.ജല വിതരണവും, ശുചിത്വം എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിം ഗ്രൂപ്പുകളുടെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്.

2)ക്രമ നം.1 ലെ നിർദ്ദേശം പ്രാവർത്തികമാക്കുവാനായി KWA യുടെ പ്രാദേശിക മേധാവിയോട് രേഖാമൂലം 3.8.18നം,21.11.18 നം എ5-51/2018 നം.കത്തിലൂടെ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.നാളിത് വരെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് KWA തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.സംയുക്ത പരിശോധന നടത്താത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു :

<u>ജി.ഒ.(ആർ.ടി)2242/2011/തസ്വഭവ.28.09.2011</u>

a)സംയുക്ത പരിശോധനയ്ക്കായി രേഖാമൂലം ജല അതോറിറ്റിക്ക് ആവശ്യപ്പെട്ടതിന് ശേഷം രണ്ടാഴ്ച്ചയ്ക്കകം ആയത് നിർവ്വഹിക്കേണ്ടതാണ്.

b)KWA പ്രസ്തുത പരിശോധനയുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

c)പരിശോധന പൂർത്തിയാക്കിയ സ്ഥാപനങ്ങൾ വെള്ളക്കരത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അടിയന്തിരമായി അടവാക്കേണ്ടതാണ്.

d)തർക്ക പരിഹാരത്തിനായി പഞ്ചായത്ത് ഡയറക്ടറെ കൺവീനറായി കമ്മിറ്റി രൂപവൽക്കരിച്ചിട്ടുമുണ്ട്.

3)പ്രവർത്തനക്ഷമമായ പൊതു വെള്ള ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തിയതിന് ശേഷം ലഭ്യമാക്കുന്ന ജല വിതരണത്തിന് മാത്രമെ വെള്ളക്കരം അടവാക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുവാനായി ഇവയ്ക്ക് മീറ്റർ കണക്ഷൻ ഏർപ്പെടുത്തേണ്ടതാണ്.

4)പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനായി K.W.A യുമായി ഡെപ്പോസിറ്റ് വർക്കിലുൾപ്പെടുത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പൊതു ടാപ്പുകളും നീക്കം ചെയ്യാവുന്നതാണ്.ഇത്തരത്തിൽ നീക്കം ചെയ്യപ്പെട്ട പൊതുടാപ്പുകൾക്ക് പകരം വ്യക്തിഗത ഗാർഹിക കണക്ഷനുകൾ സബ്സിഡൈസഡ് നിരക്കിൽ അനുവദിച്ച് തനത് ഫണ്ടിലെ ശോഷണം തടയാവുന്നതാണ്.തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതി തീരുമാനം കൈക്കൊളളേണ്ടതാണ്.

5)തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയിലെ സ്രോതസ്സിൽ നിന്നും വെള്ളക്കരം അടവാക്കാവുന്നതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-29 സാമഗ്രികൾ വാങ്ങൽ - സ്റ്റോർസ്

# പർച്ചേസ് മാനവൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വാങ്ങൽ പദ്ധതികൾക്ക് അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

I. വയോജനങ്ങൾക്ക് കട്ടിൽ

മേൽ പദ്ധതി പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)<br>പ്രൊജക്റ്റ് നമ്പർ 15 | 16/18-19 dt 11.3.19 | 180/24.1.19 | 100 | 3686<br>CGST<br>SGST | 368600<br>33174<br>33174 |
| Total | | | | | 434948 |

മേൽ പദ്ധതിക്കായി 100 വയോജനങ്ങൾക്ക് കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നാണ് ടെണ്ടർ കൂടാതെ നേരിട്ട് കട്ടിൽ വാങ്ങി നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിന്മേൽ പർച്ചേസ് കമ്മിറ്റിയുടെ 17.10.18 ലെ തീരുമാനം താഴെ ചേർക്കുന്നു. 14.2.18 ലെ സ.ഉ 22/18 ത.സ്വ.ഭ.വ നമ്പർ ഉത്തരവിൻ പ്രകാരമുള്ളതും സ്റ്റീലിൽ നിർമ്മിച്ച് പ്ലൈവുഡ് അടിച്ചിട്ടുള്ളതുമായ കട്ടിൽ ഗുണനിലവാരം ഉള്ളതിനാൽ ആർഡ്കോയിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 ലെ (ഖണ്ഡിക-7.1.13- 2 – വയോജന സൗഹൃദ പരിപാടികൾ) പ്രകാരം നിശ്ചയിച്ചിട്ടുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷനുകൾ താഴെ ചേർക്കുന്നു.

സ്പെസിഫിക്കേഷൻ:
കട്ടിലിന്റെ നീളം - 1.98 മീ, വീതി - 90 സെമീ

മുൻ കാൽ - 60 സെ.മീ

പിൻകാൽ - 50 സെ.മീ

8 mm plywood – മരം/സ്റ്റീൽ

GO(Rt)no 4/2018/SPD dt 5.2.2018 പ്രകാരമുള്ള സ്റ്റോർ പർചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. അതിൽ ഉൾപെടാത്ത ഇനങ്ങൾക്ക് ടെണ്ടർ വിളിക്കാതെ ആർട്കോയിൽ നിന്നും കട്ടിൽ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19.12.19) നൽകിയ വിശദീകരണത്തിന് സർക്കാർ നിരക്കിലും അളവിലും ഉള്ള കട്ടിൽ പ്രത്യേകം തയ്യാറാക്കി കട്ടിൽ വാങ്ങിക്കുകയാണ് എന്നാണ് മറുപടി നൽകിയത്.

<u>ഓഡിറ്റ് വിലയിരുത്തൽ</u>

മേൽ ഉത്തരവ് പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ HW Cot- 180x75x45 cm –Rs 7318 (Sl no 51) എന്നാണ്. ആയത് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളിൽ നിന്ന് വ്യത്യസ്തമായതിനാൽ ഉൾപെടാത്ത ഇനങ്ങൾക്ക് ടെണ്ടർ വിളിക്കേണ്ടതും സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളോട്ടു കൂടിയ കട്ടിലുകളാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് എന്ന് പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ-സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ പരിശോധനയില്ലാതെ ഉപകരണം വിതരണം ചെയ്തു.

പ്രൊജക്ട് നം - 34/19

അടങ്കൽ - 667000

ചെലവ് - 658935 (ബിൽ നം - 19/21.03.19 – Rs 408000

ബിൽ നമ്പർ- 21/21.03.19 - Rs 250935)

മേൽ പദ്ധതി പ്രകാരം 658935/-രൂപക്ക് കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങി ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പർച്ചേസ് കമ്മിറ്റിയുടെ 18.12.18 ലെ തീരുമാനം, പഞ്ചായത്ത് ഭരണസമിതിയുടെ- 7.1.19 ലെ അടിയന്തിര മീറ്റിംഗിലെ 2(3) തീരുമാനം എന്നിവപ്രകാരം ടെണ്ടർ കൂടാതെ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

മേൽ പദ്ധതിയിൽ ബിൽ നമ്പർ 19 പ്രകാരം 408000 രൂപക്ക് 51ശ്രുവണസഹായികൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ 5219/18-19 dt 7.2.19

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| ശ്രുവണസഹായി | 51 | 8000 | 408000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്ട്രോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളും 40 % ലധികം വൈകല്യമുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയവരുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.19 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം തുടർന്നുള്ള 25000 രൂപയ്ക്കു മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 പെണ്ണാട് വിതരണം എസ്.സി'- സബ്സിഡി കൈമാറിയതിന് സുതാര്യതയില്ല

| പ്രൊജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 20/19, ആട് വളർത്തൽ | വെറ്ററിനറി സർജ്ജൻ | 640000/- {106900 പ്ലാൻ ഫണ്ട് -ജനറൽ, 213100- തനത് ഫണ്ട്, | 106900 ( ബിൽ നം.5/21.03.2019 ) |

| | | | |
|---|---|---|---|
| പദ്ധതി -വനിത<br>ജനറൽ | | 320000ഗുണഭോക്തൃ വിഹിതം } | |

മേൽ പ്രൊജക്റ്റ് പ്രകാരം 40 ഗുണഭോക്താക്കൾക്ക് ആടുകളെ വാങ്ങിക്കുന്നതിന് സബ്സിഡി നൽകുന്നതിന് ഉദ്ദേശിച്ച പദ്ധതിയിൽ 17 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി വിതരണം ചെയ്യാൻ കഴിഞ്ഞത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. ആടുകൾ വിതരണം ചെയ്തതിൽ ഒരേ കുടുംബത്തിലെ അംഗത്തിൽനിന്ന് ആടുകളെ വാങ്ങിയതായി കാണിച്ച് തുക അനുവദിച്ചു. 2 ഗുണഭോക്താക്കൾക്ക് തുക കൈമാറിയത് (ട്രാൻസഫർ ക്രെഡിറ്റ്) കുടുംബത്തിലുള്ള വ്യക്തികൾക്ക് തന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ആട് വിറ്റ ആളുടെ പേര് | വിറ്റ ആൾക്ക് ഗുണഭോക്താവുമായുള്ള ബന്ധം | അനുവദിച്ച സബ് സിഡി (₹) | ബാങ്ക് അക്കൗണ്ട് നം. | റേഷൻ കാർഡ് നം. |
|---|---|---|---|---|---|
| കല്യാണി<br>സ്രാമ്പിക്കൽ കുണ്ടിൽ<br>വേങ്ങശ്ശേരി | ചന്ദ്രൻകുട്ടി<br>സ്രാമ്പിക്കൽ കുണ്ടിൽ<br>വേങ്ങശ്ശേരി | മകൻ | 8000 | 4253001700061744 | ഹാജരാക്കിയില്ല |
| സതീദേവി എൻ.കെ<br>നെല്ലിക്കാട്ടിൽ ഹൗസ്<br>മേലൂർ പി.ഒ<br>പനമണ്ണ | ജാനകി<br>നെല്ലിക്കാട്ടിൽ ഹൗസ്<br>മേലൂർ പി.ഒ<br>പനമണ്ണ | അമ്മ | 8000 | 43180001 00056473 | 1948108416 |
| ആകെ | | | 16000 | | |

റേഷൻകാർഡ് പ്രകാരം ഒരേ കുടുംബത്തിൽ താമസിക്കുന്നവർ തമ്മിൽ ഇടപാടുകൾ നടത്തിയതിന് സബ്സിഡി നൽകിയത് ക്രമവിരുദ്ധമാണ്.

പതിനൊന്നാം പദ്ധതി സബ്സിഡി മാർഗരേഖപ്രകാരം (നം. ജി.ഒ (എം.എസ്) 22/2018-തസ്വഭവ, 14.2.2018) ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 5 അംഗങ്ങളുള്ള പർച്ചേസ് കമ്മറ്റിയാണ് ആടുകളെ വാങ്ങേണ്ടതെന്നും പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് പർച്ചേസ് നടത്താമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആടുകളെ വാങ്ങുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 11/18-തസ്വഭവ, 29.1.2018 ലെ ഖണ്ഡിക നം. 14.6 പ്രകാരം പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയ ആടുകളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 11/18-തസ്വഭവ, 29.1.2018 ലെ ഖണ്ഡിക നം. 6.3.10 പ്രകാരം സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആട് വിതരണം വനിത ഘടക പദ്ധതിയിൽ ഉൾപെടുത്തിയാണ് ചെയ്തിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/26.12.2019) ആട് വിറ്റ ആൾക്ക് പെട്ടെന്ന് തുക കൈമാറുന്നതിന് വേണ്ടിയാണ് കുടുംബത്തിലുള്ള ഒരാളുടെ അക്കൌണ്ട് നമ്പർ നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ആകയാൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയ ആടുകളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി വിശദമായി മോണിറ്ററിംഗ് നടത്തി നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കുന്നതുവരെ ₹ 16000/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-32 പാൽ സബ്സിഡി - ആവശ്യമായ തുക വകയിരുത്തിയിട്ടില്ല

പ്രോജക്ട്.നം. 447/19 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 900000/- രൂപ (തനത് ഫണ്ട് - 900000/- രൂപ)

ചെലവ് - 900000/- രൂപ

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് മേൽ പ്രോജക്ട് പ്രകാരം, പഞ്ചായത്ത് പരിധിയിലെ വിവിധ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പേര് | സബ്സിഡി ലഭിച്ച കർഷകരുടെ എണ്ണം (മാസം തിരിച്ച്) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 4/18 | 5/18 | 6/18 | 7/18 | 8/18 | 9/18 | 10/18 | 11/18 | 12/18 | 1/19 | 2/19 | 3/19 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അമ്പലപ്പാറ | 117 | 114 | 110 | 113 | 107 | 94 | 0 | 0 | 0 | 0 | 0 | 0 |
| 2 | മുട്ടിപ്പാലം | 64 | 70 | 74 | 80 | 80 | 71 | 0 | 0 | 0 | 0 | 0 | 0 |
| 3 | കടമ്പൂർ | 41 | 45 | 47 | 47 | 39 | 33 | 29 | 0 | 0 | 0 | 0 | 0 |
| 4 | വേങ്ങശ്ശേരി | 33 | 36 | 40 | 43 | 41 | 41 | 0 | 0 | 0 | 0 | 0 | 0 |

2018 ഏപ്രിൽ മുതൽ 2018 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. പദ്ധതി കാലയളവിലെ 10/18 മുതൽ 03/19 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യഗസ്ഥൻ വിശദീകരണം നൽകിയത്. ഭാവിയിൽ വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീ ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കി മതിയായ തുക വകയിരുത്തി, സർക്കാർ നിർദ്ദേശ പ്രകാരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-33 നെൽവിത്ത് വിതണം പദ്ധതി- ഗുണഭോക്തൃവിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിച്ചു

പ്രൊജക്ട് -22/19-

പ്രൊജക്ട്-സമഗ്രനെൽകൃഷി വികസനം

നിർവഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

അടങ്കൽ- 6157143 (പ്ലാൻ- 3800000, ബ്ലോ.പ-1000000, ജി.പ-1000000, ഗു.വി-357143)

ചെലവ്- 5215541 (പ്ലാൻ- 3240285, ബ്ലോ.പ-987628, ജി.പ-987628)

ട്രഷറി ബിൽ നമ്പർ 3/18-19 dt 21.7.18 Rs 876325

ബിൽ നമ്പർ 4/18-19 dt 26.11.18 Rs 766260

ബിൽ നമ്പർ 5/18-19 dt 26.11.18 Rs 1597700

സമഗ്രനെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നെൽ വിത്തുകൾ വാങ്ങിയിട്ടുണ്ട്.

ബിൽ നമ്പർ 3/18-19 dt 21.7.18 Rs 876325

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | ഇനം/ തൂക്കം | തുക | ഗ്രാ.പ. വിഹിതം | ഗു.വി |
|---|---|---|---|---|---|
| KSSDA തൃശ്ശൂർ | 121/18-19 dt 4.5.18 | ശ്രേയസ് 3810 kg | 152400 | 133350 | 19050 |
| കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ | STU/RF/03/2018-19 dt 13.4.18 | കാഞ്ചന 12800 kg | 512000 | 448000 | 64000 |
| നാഷണൽ സീഡ് കോർപ്പറേഷൻ ലിമിറ്റഡ്, കഞ്ചിക്കോട് | 1583/16.6.18 | ജ്യോതി 8550 kg | 337725 | 294975 | 42750 |
| ആകെ | | | 1002125 | 876325 | 125800 |

ബിൽ നമ്പർ 4/18-19 dt 26.11.18 Rs 766260

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | ഇനം/ തൂക്കം | തുക | ഗ്രാ.പ. വിഹിതം | ഗു.വി |
|---|---|---|---|---|---|
| നാഷണൽ സീഡ് കോർപ്പറേഷൻ ലിമിറ്റഡ്, കഞ്ചിക്കോട് | 1540/10.8.18 | ഉമ 23220 kg | 882360 | 766260 | 116100 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നെൽവിത്ത് വാങ്ങി ഗ്രാമ പഞ്ചായത്തിലെ 22 പാടശേഖരസമിതികളിലെ കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. കിലോയ്ക്ക് 5രൂപ എന്ന നിരക്കിൽ ഗുണഭോക്തൃവിഹിതം ടി.ആർ 5-ലൂടെ പിരിച്ചെടുത്ത് ഡി ഡി ആയി നേരിട്ട് വിത്ത് വിതരണം ചെയ്ത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24.12.2019) മുൻകാലങ്ങളിൽ നിർവ്വഹണം നടത്തിയ രീതി

പിന്തുടർന്നതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും, റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-34 പാലിയേറ്റീവ് കെയർ പരിരക്ഷ -മരുന്നുകൾ മുഴുവൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നമ്പർ -36/19

അടങ്കൽ -780000

ചെലവ് -773248

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|---|
| 1 | 11/18-19 dt 28.11.18 | 31000 | 16195/21.1.19 | 19138 |
| | | | 17640/23.3.19 | 3089 |
| | | | 6399/26.9.19 | 5958 |
| | | | ആകെ | 28185 |
| 2 | 14/18-19 dt 30.1.19 | 55000 | 17641/23.3.19 | 26800 |
| | | | 4062/8.7.19 | 3018 |
| | | | 3951/4.7.19 | 10993 |
| | | | 6406/27.9.19 | 1753 |
| | | | 880/27.9.19 | 3068 |
| | | | ആകെ | 42632 |

ക്രമനമ്പർ 1 ൽ 2815 രൂപയുടേയും ക്രമനമ്പർ 2 ൽ 9368 രൂപയുടേയും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23.12.19)

മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-35 മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങിയത് സബ്സിഡി മാർഗ്ഗരേഖാ ലംഘനം

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പരിചരണപദ്ധതി എന്ന പ്രൊജക്ടിന് താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം മരുന്നുകൾ മെഡിക്കെയർ, പാലക്കാട് നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | ബിൽ നം., തീയതി | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|---|---|
| 1 | 36 പാലിയേറ്റീവ് കെയർ പരിരക്ഷ പദ്ധതി | 5/18-19 dt 17.9.18 | 0904301/1831 dt 23.8.18 | 49803 |
| | | 8/18-19 dt 14.11.18 | 0904301/1874 dt 1.11.18 | 99936 |

14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളൂ. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കാരുണ്യ/നീതി/ജെൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ മരുന്നുകൾ മെഡിക്കയറിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (16/11.11.19) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല.ഭാവിയിൽ മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-36 സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുകകൾക്കുള്ള ധനവിനിയോഗ

# സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ചിറങ്ങാട് G.W.L.P. സ്കൂൾ ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | SO189/19 |
| പേര് | സാക്ഷരതാ തുല്യതാ പ്രവർത്തങ്ങൾ |
| പത്താം തരം തുല്യതാ | 50,000/- |
| + 1 തുല്യതാ | 50,000/- |
| ആകെ അടങ്കൽ | 1,00,000/- |

2017-18 സാമ്പത്തിക വർഷത്തിൽ 10 – ാം തരം തുല്യതാ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 18,900/- രൂപ 2018-19 ൽ സമാന പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ 21 പേർക്ക് ആനുകൂല്യം ലഭ്യമാക്കുവാനായി തുക ലഭ്യമാക്കിയ സ്ഥാപനത്തിന്റേയും, ചെലവിന്റേയും വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | | |
|---|---|---|
| കേരള സ്റ്റേറ്റ് ലിറ്ററി മിഷൻ | 21X900 | 18,900/- |

പ്രസ്തുത തുക കേരള സ്റ്റേറ്റ് ലിറ്ററി മിഷൻ അതോറിറ്റിയുടെ ട്രഷറി അക്കൗണ്ടിലേക്ക് 701041400000062 നേരിട്ട് കൈമാറിയിട്ടുണ്ട്.

2018-19സാമ്പത്തിക വർഷത്തിൽ സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുകളിലേക്ക് തുകകൾ കൈമാറിയതിന്റെ വിശദവിവരങ്ങൾ :

| സ്ഥാപനം | തുക | തുക പിൻവലിച്ചതിന്റെ വിശദവിവരം | ട്രഷറി അക്കൗണ്ട് നം. |
|---|---|---|---|
| ഡയറക്ടർ കേരള ലിറ്ററസി മിഷൻ അതോറിറ്റി (10 - ാം തരം തുല്യത) | 46,000/- | Chq.no.5050177/27/03/19 | SBIN അക്കൗണ്ട് നം.57026696123. |
| കേരള സ്റ്റേറ്റ് | 42,500/- | Chq.no.5050178/27/03/19 | UCBA അക്കൗണ്ട് |

| | | | |
|---|---|---|---|
| ലിറ്ററസി മിഷൻ അതോറിറ്റി<br>(ഹയർ സെക്കന്ററി 1-ാം വർഷം) | | | നം..02880100113107 |
| ആകെ തുക | 88,500/- | | |

ആകെ ചെലവിനങ്ങളുടെ വിശദവിവരങ്ങൾ പട്ടികപ്പെടുത്തി താഴെ ചേർക്കുന്നു :

| | |
|---|---|
| 2017-18 സാമ്പത്തിക വർഷത്തിൽ 10 - ാം തരം തുല്യത പ്രവർത്തനങ്ങൾക്ക് വകയിരുത്തിയതിൽ അവശേഷിക്കുന്ന തുക | 18,900/- |
| 2018-19 ലെ 10 -ാം തരം തുല്യത | 46,000/- |
| 2018-19 ലെ ഹയർ സെക്കന്ററി 1-ാം വർഷം | 42,500/- |
| ആകെ | 1,07,400/- |

2018-19 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് പ്രകാരം അർഹരായ പഠിതാക്കളുടെ എണ്ണം വർദ്ധിക്കുകയും അംഗീകാരം ലഭ്യമാക്കിയ പദ്ധതി അടങ്കലിൽ പരിമിതപ്പെടുത്തി ആനുകൂല്യം നൽകുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടതായും H.M വിശദീകരിച്ചിട്ടുണ്ട്.(23.12.19ലെ.അന്വേഷണ നം.9)

ആയതിന് ആനുപാതിക ധനസഹായം 8/03/2019 ലെ 1(4) -ാം നം.തീരുമാന പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 7,400/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം വിശദീകരിച്ചിട്ടുമുണ്ട്.

പദ്ധതി വിഹിതങ്ങൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

എ) അങ്കണവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് – സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും

ഐ.സി.ഡി.എസ്.ബി.നമ്പർ.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലറിലെ നിശ്ചിത സമയപരിധിയിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19.12.19) ലാബ് റിപ്പോർട്ട് ഒരു തവണ മാത്രമാണ് മാത്രമാണ് ലഭ്യമായത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

<u>ബി)അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ പ്രവർത്തന പരിധിയിൽ ആകെ 38 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ ഒരു അംഗൻവാടിക്ക് മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/ 2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
2. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.
3. സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അംഗണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ അങ്കണവാടികൾക്കും (37എണ്ണം) ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>സി. ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ വിവരങ്ങൾ.</u>

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അംഗണവാടികളുടെ എണ്ണം | 38 |
| 2 | ജീവനക്കാരുടെ എണ്ണം(വർക്കർ,ഹെൽപ്പർ) | 38 വർക്കർമാർ |

| | | |
|---|---|---|
| | | 38 ഹെൽപ്പർമാർ |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം,പേര് | 4<br><br>വീമ്പൻകുഴി,<br>നമ്പിയത്ത്പടി,<br>മേലൂർ,ചീരക്കാട് |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 1 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | - |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 37 |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം,പേര് | 1 |
| 8 | ഫാൻ ഇല്ലാത്തവ | - |
| 9 | വാടക കെട്ടിടത്തിലുള്ള അങ്കണവാടികളുടെ എണ്ണം,പേര് | 1<br><br>വീമ്പൻകുഴി |
| 10 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 38 |
| 11 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 3<br><br>മനക്കൽപടി,<br>ചീരക്കാട്ട്പറമ്പ്,<br>വീമ്പൻകുഴി |
| 12 | ചുറ്റ് മതിൽ ഇല്ലാത്തവ | 3 |
| 13 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗണവാടികളുടെ എണ്ണം | - |
| 14 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 38 |

ഡി. അങ്കണവാടികളുടെ പ്രവർത്തനം- ഓഡിറ്റ് നിർദ്ദേശങ്ങൾ

ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.അംഗണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.

2. വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

3. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അങ്കണവാടികളിലെ പോരായ്മകൾ പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

ഭാഗം-2

പരാമർശങ്ങൾ ഇല്ല

ഭാഗം-3

പരാമർശങ്ങൾ ഇല്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 7-7-19 | കെ.എസ്.എ-പി.കെ.ഡി-21/997/2019(5) തി.26-8-19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ലൈഫ് മിഷൻ തുക വക യിരുത്തൽ-ജനറൽ (18/19) | 500000 | 0 |
| | | 987628 | സമഗ്ര നെൽകൃഷി വരകസനം (22/19) | 987628 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 131850 | ലൈഫ് മിഷൻ തുക വക യിരുത്തൽ-ജനറൽ (18/19) | 131850 | 0 |
| | | 987628 | സമഗ്ര നെൽകൃഷി വരകസനം (22/19 | 987628 | 0 |
| | | 200000 | അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (13/19) | 200000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KWA | പള്ളിക്കരപ്പളിയാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (448/19) | 30/18-19/ 28/01/19 | 75,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | പള്ളിപ്പടി കണ്ടങ്ങത്തൊടി പൂന്തോട്ടത്തിൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ(449/19) | 31/18-19/ 28/01/19 | 75,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | മഹാളിവട്ടം കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (450/19) | 32/18-19/ 28/01/19 | 1,35,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | നെല്ലികുന്ന് ചെറുചാത്തകുന്ന പ്രദേശത്തെ പൈപ്പ് ലൈൻ നീട്ടൽ(451/19) | 29/18-19/ 28/01/19 | 1,25,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | വിവിധ അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ (452/19) | 25/18-19/ 28/01/19 | 50,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (453/19) | 27/18-19/ 28/01/19 | 3,00,000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| KWA | ചെമ്പർകുന്ന് കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (493/19) | 26/18-19/ 28/01/19 | 50000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | ലഭ്യമല്ല | 1,48,87,500 | 482635 | 400000 | 0 | 82635 |

# 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം നിലവിലുള്ള സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1438681 |
| തൻവർഷം ലഭിച്ച പലിശ | 97329 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| പുനർനിക്ഷേപം നടത്തിയത് | 1536010 |
| 31-3-2019 ലെ നീക്കിയിരിപ്പ് | 1536010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപ വിവരം | തുക |
|---|---|
| പഞ്ചാബ് നാഷ്ണൽ ബാങ്ക് , അമ്പലപ്പാറ(FD.No.GH0001899) | 1536010 |
| ആകെ | 1536010 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| കെ.എസ്.എ ഡെ.ഡയറ കുറുടെ KSA-PKD/6/1249 തി.24-08-2012 പ്രകാരം അധികം വാങ്ങിയ ശമ്പളത്തുക തിരിച്ചടച്ചത് | | 6970/- | ഷെറീന, സീനിയർ ക്ളാർക്ക് | 118020101287/ 26-10-18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ --ഒന്നുമില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 76547315 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64877343 |
| വരവിനങ്ങളിലുള്ള നഷ്ടം | 7690/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 160000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(ബി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|
| | 7690/- | |

| | | |
|---|---|---|
| | | പേരും ഉദ്യോഗപ്പേരും |
| 1-13 | | എം.ഹരികൃഷ്ണൻ, സെക്രട്ടറി |

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ<br><br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 160000 | ശ്രീമതി.ദീപ സി.എൻ<br>വെറ്ററിനറി സർജൻ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br><br>(ഓഡിറ്റ് നടന്ന സമയത്തെ)<br><br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ എം.ഹരികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | മണ്ണാഴി വീട്,<br>കടമ്പഴിപ്പുറം,<br>പാലക്കാട് ജില്ല |
| 2. ശ്രീമതി.ദീപ സി.എൻ<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | കുന്നത്ത് വീട്<br>എടക്കുളം,<br>താണ്ണൂർ<br>തൃശ്ശൂർ ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996- | കെ.എസ്.എ.പി.കെ.ഡി.16- | 1 | കത്ത് |

| | | | |
|---|---|---|---|
| 97 | 1136/2018/7.9.18 | | (അദാലത്ത് ) |
| 1997-18 | | 11 | |
| 1998-99 | | 4 | |
| 1999-00 | | 1 | |
| 2000-01 | | 1 | |
| 2001-02 | | 0 | |
| 2002-03 | | 0 | |
| 2003-04 | | 1 | |
| 2004-05 | | 1 | |
| 2005-06 | | 0 | |
| 2006-07 | | 4 | |
| 2007-08 | LF.P16/2386/2012/14.2.14 | 7 | ഫർദർറിപ്പോർട്ട് |
| 2008-09 | സ.ഉ.(സാധാ)നം.3893/15/ തസ്വഭവ/30.12.15 | 9 | സാധൂകരണം |
| 2009-10 &2010-11 | LF.P16/407/13/3.3.14 | 10 | ഫർദർറിപ്പോർട്ട് |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.16/417/17/11.4.17 | 22 | ഫർദർറിപ്പോർട്ട് |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.16/ 1404/17/11.12.17 | 10 | ഫർദർറിപ്പോർട്ട് |
| 2013-14to 2014-15 | കെ.എസ്.എ.പി.കെ.ഡി.16/ 960/16/8.6.17 | 12 | ഫർദർറിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.16/ 1881/16/10.4.17 | 5 | ഫർദർറിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.16/ 1583/17/12.3.18 | 16 | ഫർദർറിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി16-8/2019 /13-2-19 | 22 | ഫർദർറിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി-21/997 /2019(5)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തെിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. വാർഷിക ധനകാര്യ പത്രികയിലെ (ബാലൻസ് ഷീറ്റ് -ഷെഡ്യൂൾ ബി-7) തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് തുക ഒടുക്കുന്ന വ്യക്തികളുടെ പേരും ഇനവും രജിസറ്ററിൽ ചേർക്കുന്നില്ല.

2. വാടക (Rent from Building) കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. മുൻ വർഷത്തെ ബാലൻസ് ഷീറ്റ് (ബി-15) പ്രകാരം പിരിച്ചെടുക്കാനുള്ള തുക ₹ 44949 ആണ്. എന്നാൽ വർഷാരംഭത്തിൽ പിരിച്ചെടുക്കാനുള്ള തുകയായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹10707 ആണ്.

3. തനത് ഫണ്ട് സൂക്ഷിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിലെ സേവിങ്സ് ബാങ്ക് അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ കൃത്യമല്ല.

4. യഥാർഥത്തിലുള്ള ഇൻവെസ്റ്റ്മെന്റ് തുക (ഫിക്സഡ് ഡെപ്പോസിറ്റ്) വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

6. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.

7. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

8. ഇ.എം.എസ് ലോൺ ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(5)

Kerala State Audit Department, District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Ambalapara Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions/ Municipalities / Corporations.

In my opinion the financial Statement of Ambalapara Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

# അനുബന്ധം-2 ഓഡിറ്റ് ചെയ്ത കണക്കുകളുടെ സംക്ഷിപ്ത പത്രികകൾ

1) INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5585997.00 |
| | | | |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 832027.00 |
| 140000000 | Fee & User Charges | I-4(b) | 818836.00 |
| 150000000 | Sale & Hire Charges | I-5(b) | 146635.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 178097558.00 |
| 171000000 | Interest Earned | I-8 | 100811.00 |
| 180000000 | Other Income | I-9 | 8359.00 |
| | Total Income | | 185590223.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10046686.00 |
| 220000000 | Administrative Expenses | I-11(b) | 1821556.00 |
| 230000000 | Operations & Maintenance | I-12(b) | 4747403.00 |
| 240000000 | Interest & Finance Charges | I-13 | 843.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6924541.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51988492.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2609343.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1013820.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 76483022.00 |
| 255000000 | Maintenance Projects | I-14(e) | 9890893.00 |
| 272000000 | Depreciation | I-17(a) | 7650552.00 |
| | Total Expenditure | | 173177151.00 |
| | Gross Surplus/ Deficit of income over Expenditure | | 12413072.00 |
| 280000000 | Prior Period Item | I-18 | 548077.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 11864995.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2) RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6007800.50 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1012500.00 |
| 130000000 | Rental income from Panchayat Properties | RP-3 | 509167.00 |
| 140000000 | Fees & User Charges | RP-4 | 628666.00 |
| 150000000 | Sale & Hire Charges | RP-5 | 146635.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65551156.00 |
| 171000000 | Interest Earned | RP-9 | 100811.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6173337.00 |
| 350000000 | Other Liabilities | RP-36 | 3923231.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8359.00 |
| 330000000 | Secured Loans | RP-32 | 1480000.00 |
| 340000000 | Deposits Received | RP-34 | 731796.00 |
| 350000000 | Other Liabilities | RP-36 | 316940.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 22457744.00 |
| 460000000 | Loans, Advances and Deposits | RP-47 | 18000.00 |
| | Grand total | | 109066142.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4000801.00 |
| 220000000 | Administrative Expenses | RP-12 | 1821556.00 |
| 230000000 | Operations & Maintenance | RP-13 | 2655119.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6914541.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22177395.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1709385.00 |
| 253000000 | Decentralised Plan Programme- Projects | RP-18 | 1013820.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 616422.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9890893.00 |
| 280000000 | Prior Period item | RP-26 | -9120.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 176957.00 |
| 350000000 | Other Liabilities | RP-36 | 13571915.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 843.00 |
| 280000000 | Prior Period Item | RP-26 | -15090.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 141050.00 |
| 350000000 | Other Liabilities | RP-36 | 1915906.00 |
| 410000000 | Fixed Assets | RP-38 | 12989066.00 |
| 411000000 | Accumulated Depreciation | RP-39 | 0.0 |
| 412000000 | Capital work in Progress | RP-40 | 8246146.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1025173.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20220574.50 |
| Cash | Cash | RP-40(b) | 2790.00 |
| | Grand Total | | 109066142.50 |

3) BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 41381201.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3911.00 |
| 312000000 | Reserves | B-3 | 105622180.00 |
| | | | |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 147007292.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2077502.00 |
| | Total Grants, Contributions for Specific Purposes | | 2077502.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1962635.00 |
| | Total Loans | | 1962635.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1269940.00 |
| 350000000 | Other Liabilities | B-9 | 1097053.90 |
| | Total Current Liabilities and Provisions | | 2366993.90 |
| | TOTAL LIABILITIES | | 153414423.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140717990.00 |
| 411000000 | Accumulated Depreciation | B-11 | -12857178.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 127860812.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1438681.00 |
| | Total Investments | | 1438681.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1420655.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -5000.00 |
| 440000000 | Pre-paid Expenses | B-16 | 1962635.00 |
| 450000000 | Cash and Bank Balance | B-17 | 20223364.50 |
| 460000000 | Loans, Advances and Deposits | B-18 | 513276.00 |
| | Total Current Assets, Loans and Advances | | -5000.00 |
| | Total Current Assets, Loans and Advances | | 24119930.50 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 153414423.50 |

ഡെപ്യൂട്ടി ഡയറക്ടർ